HRDAYA GAYAKAM

IN067:11 H7

032:IN067:11
LH

67:11 H7

MUL

135968

**Madras University Library.**

Call Number 032:1N067:11 H7

Accession Number 135968

Available for loan from

This book should be returned on or before the date last marked below.

6 JAN 1951

2 SEP 1951

1.

nda Press, Madras—10,000—19-1-48.

# ഹൃദയഗായകൻ

Hrdayagayakam

ഗ്രന്ഥകർത്താ:

## വി. വി. കെ.

V. V. K.

UNIVERSITY LIBRARY.
25 FEB 1948
MADRAS.

1947 വില ഒരുറുപ്പിക.

135968

032:1N067:11

H7

Printed at the Mathrubhumi Press, Calicut,
Card No. 20. 12-7-47 1000 Copies.

പാടും പൈങ്കിളിയും, പ്രപഞ്ചരചനാ
സൌന്ദര്യ സർവ്വസ്വമാ-
യാടും പൂങ്കുലയും, നിരന്തര രസാ-
ലോടുന്ന പൂഞ്ചോലയും,
കാടും കണ്ണുമൊരിറ്റുപുഞ്ചിരിപകർ-
ന്നാഢ്യപ്രഭം കാവ്യമാ-
ക്കീടും സൽക്കലയും സ്തുതിപ്പതനിശം
ഹാ! പ്രേമമേ, നിൻപദം!

UNIVERSITY LIBRARY
25 FEB 1948
MADRAS.

# ആമുഖം

വി. വി. കെ.; വിശുദ്ധ വികാരാത്മകമായ കവനമാധുരിയുടെ മുദ്രയാണത്—മലയാളത്തിലെ കവനവനികയിലെ നറുമുന്തിരിപ്പഴങ്ങൾക്ക് തുമൊത്തി ചാർത്തി നില്ക്കുന്ന ത്ര്യക്ഷരി.

മരച്ചില്ലകൾക്കിടയിൽനിന്നും മുൾപ്പടർപ്പിന്നുള്ളിൽനിന്നും കേൾക്കാറുള്ള അജ്ഞാതമായ കിളികൂജനം നിങ്ങളെ പുളകംകൊള്ളിച്ചു പിടിച്ചു നിർത്താറില്ലേ? അതുതന്നെയാണ് വി. വി. കെ. യുടെ ഹ്രസ്വഗാനവും. "മാതൃഭൂമി" ആഴ്ചപ്പതിപ്പിന്റെയോ, മറ്റേതെങ്കിലും മലയാള പത്രമാസികകളുടേയോ കോണിൽ കുറച്ചുവരികൾ കാണാം. നിങ്ങൾക്ക സംഗീതമറിഞ്ഞുകൂടെങ്കിലും നിങ്ങളാവരികൾ ഭംഗിയായി ചൊല്ലിപ്പോകും. അതിലെ ആശയസൌരഭ്യവും ആദർശ സുഭഗതയും—സർവ്വോപരി, ആ സംഗീതാത്മകത്വവും നിങ്ങളെ വശീകരിയ്ക്കും. നിങ്ങളാവരികൾ വീണ്ടും ആവർത്തിച്ചു ചൊല്ലാതിരിയ്ക്കയില്ല. അതാണ് വി. വി. കെ.യുടെ കവിതകൾക്കുള്ള വിശേഷം.

ചിന്തകളുടെ ഇരുളകററുകയും മനുഷ്യനിൽ ഉണർന്നു ഞരങ്ങുന്ന ജന്തുഭാവങ്ങളെ മയക്കിയൊതുക്കി അവയെ മറെറാന്നായി മാററി സ്വപ്ന സീമയിലേയ്ക്കു വിഹരിയ്ക്കാൻ സഹായിയ്ക്കുകയും ചെയ്യുന്ന ആ സ്വരവിശേഷം സഹൃദയന്മാർക്ക സംവത്സരങ്ങൾ കൊണ്ട് സുപരിചിതമായിക്കഴിഞ്ഞിരിയ്ക്കുന്നു. പക്ഷേ, ആ കിളി ഇന്നും ആ മൂന്നക്ഷരങ്ങളിൽത്തന്നെ ഒളിഞ്ഞിരിയ്ക്കുകയാണ്. തന്റെ വർണ്ണവും വലുപ്പവും മറച്ചുപിടിച്ചുകൊണ്ട് ആ പക്ഷി അങ്ങിനെ സ്വൈരമായി പാടട്ടെ. ജീവിതത്തിന്റെ കിതപ്പ് നിങ്ങളെ കുഴക്കുന്നുണ്ടെങ്കിൽ, ചിന്തകളുടെ നിരന്തരസമ്മർദ്ദംകൊണ്ട് നിങ്ങളുടെ അന്തരംഗം പൊള്ളുന്നുണ്ടെങ്കിൽ, തിക്തങ്ങളായ അനുഭവങ്ങൾ നിങ്ങളുടെ ചിരന്തനലാളനങ്ങളേററ ആദർശങ്ങളിൽ മങ്ങലേററുന്നുണ്ടെങ്കിൽ ഏകാന്തതയിൽ ജീവിത സൌന്ദര്യത്തിന്റെ സന്ദേശം മുഴങ്ങുന്ന ആ ചെറുഗാനമൊന്നു ശ്രദ്ധിയ്ക്കുക!

അഴലിന്റെ അനന്തമായ തേങ്ങിക്കരച്ചിലോ, വിപ്ലവക്കൊടുങ്കാററിന്റെ മൂളലോ, ആദ്ധ്യാത്മികതയുടെ തരംഗധ്വനിയോ അല്ല നിങ്ങളാ ഗാനങ്ങളിൽ കേൾക്കുന്നത്. നിങ്ങളെ ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പ്രചോദിപ്പിക്കുന്ന പ്രകൃതിയുടെ പ്രസന്നതയുടേയും നിർമ്മലതയുടേയും ഓംകാരമാണ് അവയിലങ്കുരിക്കുന്നത്. നിങ്ങളെ ചിന്തിപ്പിക്കുകയല്ല, നിങ്ങളുടെ ചിന്തകളിൽ അഞ്ചാറു തങ്കരേഖകൾ കലർത്തി, ഒരു സ്വർഗ്ഗീയസ്വപ്നമാക്കി നെയ്യുകയാണ് ആ തൂലിക ചെയ്യുന്നത്. "ഭംഗുരതയിൽ നിന്നുമഴകിനെ" "ഭംഗിയിൽ ചില്ലിലിട്ടു സൂക്ഷിക്കുന്ന" മനോധർമ്മമാണ് കവി തന്റെ കലാസൃഷ്ടികളിൽ അങ്ങോളമിങ്ങോളമനുഷ്ഠിച്ചിരിക്കുന്നത്.

വി. വി. കെയുടെ പ്രഥമഗ്രന്ഥമായ "സുവർണ്ണമേഖല"യെ കേരളീയ സഹൃദയന്മാർ കൌതുകത്തോടെ സ്വീകരിച്ചു കഴിഞ്ഞു. കേരളത്തിലെ ഒരഭിനവമഹാകവിയാണ് ആ മേഖലക്കു തന്റെ അവതാരിക കൊണ്ട് മരതകപ്പൂംമൊട്ടണിയിച്ചത്. ഈ "ഹൃദയഗായക"ന്റെ കൈ പിടിക്കുവാൻ, എനിക്കിടവന്നത്, കേവലം സൌഹാർദ്ദത്തിന്റെ ആഹ്വാനംകൊണ്ടുമാത്രമാണെന്നു പറഞ്ഞുകൊള്ളട്ടെ.

ഞാൻ വിദ്യാർത്ഥിയായിരുന്ന കാലം മുതല്ക്കുതന്നെ വി. വി. കെയുടെ കൊച്ചുകവിതകൾ എന്നെ വശീകരിച്ചിട്ടുണ്ടായിരുന്നു. നാടോടിപ്പാട്ടുകളെപ്പോലെ കുറച്ചു വരികളിൽ ഉറച്ചു നില്ക്കുന്ന ഒരജ്ഞാതമാധുരി—കുപ്പിച്ചില്ലിൽ പ്രതിഫലിക്കുന്ന പ്രഭാതം പോലെ, ആ ഖണ്ഡഗാനങ്ങളിൽ ജീവിതസൌന്ദര്യം മുഴുവനും ഒളിമിന്നിയിരുന്നു. വി. വി. കെ. ഇന്നും അതേ സ്വരത്തിൽത്തന്നെയാണ് പാടിക്കൊണ്ടിരിക്കുന്നതെങ്കിലും, കുയിൽഗാനം പോലെ പിന്നേയും പിന്നേയും കേൾക്കാൻ കൊതി തോന്നിക്കുന്നു. ആ കവിതകൾ, ചില ജപ്പാൻ കവിതകളെ അനുസ്മരിപ്പിക്കുന്നു. മാധുര്യം, ഹ്രസ്വത, സൌന്ദര്യബോധാത്മകത എന്നീ സവിശേഷതകൾ മൂലം വിശ്വസാഹിത്യത്തിലെ കവിതകളിൽ മുന്തിനില്ക്കുന്നവ ജപ്പാൻ കവിതകളാണത്രെ. ഒരാശയം, ഒരു വികാരം, ഒരു ചിന്ത അല്ലെങ്കിൽ ഒരു വർണ്ണന—ഒരു കടാക്ഷം അല്ലെങ്കിൽ ഒരു പുഞ്ചിരി—കവിഞ്ഞാൽ നാലഞ്ചുവരികൾ. കഴിഞ്ഞു. അതാണ് ജപ്പാൻ കവിത.

കിണററിങ്കരയിലെ ജപ്പാൻ ബാലിക പാടുന്നു:

"പൂവല്ലി തണ്ണീക്കുടത്തിൽച്ചുററി–
പ്പോട്ടെ ഞാൻ നീർ കടം വാങ്ങാൻ"

പ്രഭാതത്തിൽ അടുക്കളപ്പണിയ്ക്കു വെള്ളം കോരാൻ കിണററിങ്കരയിൽ ചെന്ന ആ ബാലിക, ഒരു മണിപ്പൂവള്ളിയുടെ അററം ബക്കററിൻെറ പിടിമേൽ ചുററിപ്പടന്നു കിടക്കുന്നതായിട്ടു കണ്ടു. ആ മലർവല്ലിയുടെ അരുണമായ മൊട്ടുകളും അരുമയേറിയ ഇളം വള്ളിച്ചുരുളുകളും വിടർത്തെടുത്ത് അതിൻെറ നൈസർഗ്ഗിക സൌന്ദര്യത്തെ അലട്ടുവാനുള്ള വൈമനസ്യം മൂലം ആ ബാലിക പിന്മാറി പറയുകയാണ്; "വേണ്ട. ഞാൻ വെള്ളം അയൽവീട്ടിൽനിന്നു കടം വാങ്ങിക്കൊള്ളാം."

അങ്ങിനെ സൌന്ദര്യാരാധന ഒരു മതകർമ്മംപോലെ അനുഷ്ഠിച്ചു പോരുന്ന കൂട്ടരാണു ജപ്പാൻകാർ. മലയാളസാഹിത്യത്തിൽ, അങ്ങിനെയുള്ള മനോഭാവം അറിഞ്ഞോ അറിയാതെയോ പ്രകാശിപ്പിച്ചു പോരുന്ന ഒരു കവിയാണ് വി. വി. കെ. സൌന്ദര്യം— അതു പ്രകൃതിയിലായാലും, മനുഷ്യനിലായാലും, ജീവിതത്തിലായാലും, ഭാവനയിലായാലും ദർശിക്കുമ്പോൾ വി. വി. കെ. വികാരവിവശനാകുന്നു.

"നവ വിവിധ വിമലതര ഭാവനാലോലമാം
കവിഹൃദയ മതിന്നുടയ സാവർണ്ണ്യ മാന്നിതാ
അഴകിനുടെയവികലതയേന്തുന്ന ദർപ്പണം
മിഴികളുടെ മികവുടയൊരാനന്ദ തർപ്പണം"

(സന്ധ്യാസൌന്ദര്യം)

എന്നിങ്ങിനെ സന്ധ്യയിലും

"പൂവിലും പൂനിലാവിലും പുഞ്ചിരിപ്പൂവിലും"

കവി ഒരേ സൌന്ദര്യത്തിൻെറ നാനാവശങ്ങൾ ദർശിക്കുന്നു. എന്തിനു, പ്രേമത്തെപ്പോലും കവിയ്ക്കു, "കലയാൽത്തഞ്ചീടുന്ന ആത്മസൌഭഗ"മായിട്ടേ കാണാൻ കഴിയുന്നുള്ളു. കണ്ണു ചിമ്മുമ്പോഴും തുറക്കുമ്പോഴും കവി ദർശിക്കുന്നതു സൌന്ദര്യത്തിൻെറ ജീവൽസ്ഫുലിംഗങ്ങളെയാണ്. ഏതിൻെറയും അപ്പുറത്തായി ആ സൌന്ദര്യംമാത്രം.

സാദരം വന്നു കഴൽ തൊഴുന്ന
സൌഹൃദത്തേയും തിരസ്കരിച്ചു

സൌവൎണ്ണ കാന്തിയിലന്ധനായി
സൌന്ദൎയ്യയാചന ചെയ്‌വൂ മൎത്ത്യൻ.

എന്നിങ്ങിനെ സൌന്ദൎയ്യാരാധന ഒരു ജീവിതവ്രതമായി കവി സ്വീകരിച്ചിരിക്കയാണെങ്കിലും, ഹൃദയഗായകനിൽ ഉടനീളം ആ പല്ലവിയല്ല.

"ഭാവനതൻ കലവറയിങ്കലെ
ജീവിതത്തിൻ രഹസ്യവശങ്ങളെ"

കലയോടുരുക്കുന്ന ഭാഷയിൽ വാൎത്തെടുത്ത കവനങ്ങളും "ഹൃദയ ഗായക"നിൽ നമുക്കു കാണാം.

ഒന്നാമതായി നാം "ഹൃദയഗായകൻ" എന്ന ആ കവിത തന്നെ എടുക്കുക:

പാവനപ്രേമം, ദിവ്യസ്നേഹമിപ്പദങ്ങളാൽ
മോഹന മനോമാല്യം നിൎമ്മിക്കും യുവത്വമേ
സങ്കല്പം യാഥാൎത്ഥ്യത്തെ വരിക്കും മുഹൂൎത്തത്തിൽ
നിൻകലാവിരുതെല്ലാം പതറുന്നല്ലോന്നൂനം.

എന്നിങ്ങനെ യുവത്വത്തെ നോക്കി ഒരു പരിഹാസപ്പുഞ്ചിരിയോടെ ആരംഭിക്കുന്ന ആ കവിത പ്രേമമാകുന്ന കഞ്ചാവിൻെറ ചിറകുകളിൽ വിഹരിക്കുന്ന ഏതൊരു ചെറുപ്പക്കാരനും വായിച്ചു നോക്കേണ്ടതാണ്. ഭാമിനിയും അരവിന്ദനും സഹപാഠികളായിരുന്നു. ഭാമിനി ഒരു വൎത്തകപ്രമാണിയുടെ ഓമനപ്പുത്രി: അരവിന്ദൻ ഒരു നാടൻ കൃഷിക്കാരൻെറ മകൻ—ഭാവനാസമ്പന്നനായൊരുകവി. അവരിരുവരും പ്രണയബദ്ധരായി.

എന്നാൽ,

"കലയും സൌന്ദൎയ്യവും കൊണ്ടാണോ മനുഷ്യൻെറ
നിലയെഗ്ഗണിപ്പതപ്പണക്കാരെന്നെങ്ങാനും?"

അരവിന്ദൻെറ, കവിത്വവും സൌശീല്യവും വിവാഹക്കമ്പോളത്തിൽ ഒരു കള്ളപ്പണമായിട്ടേ കണക്കാക്കപ്പെട്ടുള്ളു. അങ്ങിനെ ഭാമിനി, ഒരു പണക്കാരൻെറ പത്നിയായിത്തീൎന്നു. അവർ മധുവിധു കൊണ്ടാടുമ്പോഴും, അരവിന്ദനെ, ഒരു ഭ്രാന്തൻെറ മട്ടിൽ അലഞ്ഞു നടക്കുന്നതായിട്ടാണ് കണ്ടത്.

സങ്കല്പയാഥാൎത്ഥ്യങ്ങളാം അന്യോന്യം കൊഞ്ഞനം കാട്ടുന്ന

ഒരു ദയനീയ ചിത്രം. നമ്മുടെ മുരടിച്ച ജീവിതാചാരങ്ങളെ ചലിപ്പിയ്ക്കുവാൻ സ്വപ്നങ്ങൾക്കും ഭാവനകൾക്കും സാദ്ധ്യമാണോ?

സ്നേഹത്തെ സ്നേഹത്തിന്നൊന്നിനായി
സ്നേഹിയ്ക്കു ലോകം മറന്നുപോയി!

ഇത്തരത്തിലുള്ള പ്രേമചിത്രങ്ങൾ മാത്രമല്ല,

"വിരമിച്ചീടുന്നല്ലോ ജീവിതതീർത്ഥാടനം
മരണം തുറന്നിട്ട വഴിയമ്പലത്തിങ്കൽ"—(ചക്രവാളം)

എന്നിങ്ങിനെയുള്ള തത്വചിന്തകളും വി. വി. കെ. യുടെ തൂലിക തെളിയിക്കുന്നു.

"ആഗ്രഹിയ്ക്കുവാൻ മാത്ര മറിഞ്ഞിട്ടു-
മാശയമെങ്ങോരാനന്ദമാർന്നിടും?" (ഞാൻ)

എന്ന് കവി ചോദിയ്ക്കുന്നു.

മഹാകവി കുമാരനാശാനേയും അദ്ദേഹത്തിൻെറ കൃതികളേയും അനുസ്മരിച്ചുകൊണ്ടെഴുതിയ ഒരുജ്ജ്വലകവിതയാണ് "പുഷ്പാഞ്ജലി"

"വിലസും മനോധർമ്മം മേല്ക്കുമേൽകെട്ടിപ്പട്ടു-
ത്തൂലകിൻ സംസ്കാരത്താൽത്താഴികക്കുടംചാർത്തി
നലമോടാശാൻ തീർത്തമഹിതോജ്ജ്വലം കാവ്യ-
കലതൻ പൊന്നമ്പലം മിന്നുന്നൂനിരാകുലം......."

എന്നിങ്ങിനെ ഭാവഗാംഭീര്യത്തോടെ ആരംഭിയ്ക്കുന്ന ആ കവിത, ആശാൻെറ വിശാലവും വിസ്മയാവഹവുമായ കാവ്യാന്തരീക്ഷത്തിലേയ്ക്ക്, നമ്മുടെ ഹൃദയത്തെ ചുററിപ്പറപ്പിയ്ക്കുവാൻ പ്രേരിപ്പിയ്ക്കുന്ന ഒരു മന്ത്രമാണ്.

ഭോഗലാലസമായിക്കഴിയും കാവ്യത്തിൻെറ
ഭാവിയെക്കണ്ടെത്തീടുവാൻ, ജാതകംതിരുത്തുവാൻ
പേശലം മനോലോകം ധർമ്മനിർമ്മലമാക്കു-
മാശാൻെറ നാരായക്കൺകോണിനേകഴിഞ്ഞുള്ളു.

എത്ര സുന്ദരമായി പ്രതിപാദിയ്ക്കപ്പെട്ട ഒരു പരമാർത്ഥം!

ആശാൻ ഭാവനയിൽക്കണ്ട ആ കേരളത്തിൽ—നാളെത്തെ സ്വാതന്ത്ര്യകേരളത്തിൽ—

അന്തമററുള്ള സുകൃതഹാര–
മാണ്ടൊരു "ചണ്ഡാല ഭിക്ഷുകി"യും
'ചാത്തന്'മന്തർജ്ജനവുമൊപ്പം
നിത്യസമർച്ചനം ചെയ്തു പോരും
പുല്ലിനും പൂവിനും തുല്യമായി
ചെല്ലുവാൻ പാടുള്ള കോവിലിങ്കൽ
ഈഷ്യതൻ ധൂമം വമിച്ചിടാത്തൊ–
രാഷ്ട്ര സംസ്കാരപ്രഭയ്ക്കു മുമ്പിൽ
അദ്ധ്യാത്മ ശംഖദ്ധ്വനി മുഴങ്ങ–
മാശാൻെറ കാവ്യശ്രീ കോവിലിങ്കൽ

സ്നേഹപുഷ്പാഞ്ജലി ചെയ്യുന്ന ആ രംഗം നമ്മാം ദശിയ്ക്കുകതന്നെ ചെയ്യും.

ശ്രീനാരായണഗുരുസ്വാമികളോടുള്ള ഭക്ത്യപദാനങ്ങളെ ക്കൊണ്ടു മുഖരിതമായൊരു കാവ്യശംഖനാദമാണ് "ഗുരുപൂജ." ഗുരുപാദരുടെ ജന്മദിനത്തിൽ—ശ്രാവണമാസത്തിലെ ചതയം ന ക്ഷത്രനാളിൽ—ഓരോ കേരളീയൻെറയും കരളിൽ കളിയാടുന്ന വികാരങ്ങരം, വി. വി. കെ കവിതയിൽ വാത്തെടുത്തു കാഴ്ച വെച്ചിരിയ്ക്കുന്നു.

മെത്തും പ്രഭുജന ജീവിതത്തി–
നുത്തുംഗ സൌധത്തിൽ നിന്നിറങ്ങി
നിത്യം പൊതുജന സ്പശമേററാൽ
മാത്രമേ സല്ക്കല ധന്യയാവൂ.

എന്ന വിശ്വാസത്തെ മുൻനിത്തിയെഴുതപ്പെട്ട കവിതകളാണ്, "ബാഷ്പാങ്കുരം" "നമ്മുടെ തുളസി" "നാളെത്തെ പൌരൻ" തുട ങ്ങിയവ.

"അവരഗതികരം, അവരധഃകൃത
രവക്കു മില്ലയോ, സുഖാസുഖങ്ങളും?"

..............................

"അവൻെറ വീപ്പിലും വിയപ്പിലും തനി–
ക്കവിതയെത്രയോ വികാരമെത്രയോ
ഹൃദയമുള്ളവരതൊന്നു കാണണ
മതൊന്നെഴുതണം—അതൊന്നു പാടണം"

നാളെത്തെലോകം കഷ്കൻെറയും തൊഴിലാളിയുടേതുമാണ്. മുത ലാളിത്തസാഹിത്യം മുരടിച്ചു മണ്ണടിഞ്ഞു പോകും. വിയപ്പും,

നെട്ടവീപ്പും വിതച്ച വിത്തുകാം സമതപസുന്ദരമായോരുദ്യാനം സൃഷ്ടിയ്ക്കുകതന്നെ ചെയ്യും. ആ തൊഴിലാളികളെപ്പററി അനുകമ്പാമസൃണമായ അപദാനങ്ങളാണ് വി. വി. കെ. പാട്ടുന്നത്.

ഇന്നത്തെ അദ്ധ്യാപകലോകത്തിൻെറ ദയനീയതയെ, ഹൃദയസ്പൃക്കായൊരു ഹാസ്യരസം കലർത്തി കാണിച്ചു തരുന്ന ഒരൊന്നാന്തരം കലാശില്പമാണ "നമ്മുടെ തുളസി." അനുഭവത്തിൻെറയും അനുതാപത്തിൻെറയും ഹൃദയത്തുടിപ്പുകാം കൊണ്ടങ്കുശങ്ങളിട്ട ഒരു വിലാപകാവ്യം എന്നു തന്നെ പറയാം. അടിമത്തത്തിൻെറയും അനീതിയുടെയും ചവിട്ടടിയിൽ കിടന്നു ഞെരുങ്ങുന്ന, ഞരങ്ങുന്ന അദ്ധ്യാപക ജീവിയുടെ ഒരു ചിത്രം, വി. വി. കെ വരച്ചു കാട്ടിത്തരുന്നു.

> "സങ്കല്പയാഥാത്ഥ്യങ്ങാം ഘട്ടനം ചെയ്തീടുന്നൊ—
> രങ്കണത്തറയിങ്കൽ" നില്ക്കുന്ന ആ കൃശാകൃതി,
> "മുത്തശ്ശിക്കേകാദശിയുള്ളപ്പൊഴാവാം, പാപ—
> മിത്തിരി വെറും വെള്ളം പോലുമേ കാണുന്നതും!"

ഇങ്ങിനെ "ഹൃദയഗായക"നിലെ ഓരോ കവിതയും എടുത്തുപറയാൻ തുടങ്ങിയാൽ, ഈ ആമുഖം ഒരു വ്യാഖ്യാനമായിപ്പോയേയ്ക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു.

വി. വി. കെ.യെ ഭാഷാലോകത്തിന്നു പരിചയപ്പെടുത്തേണ്ടുന്ന ആവശ്യമില്ല. അദ്ദേഹത്തിന്നു സ്വന്തമായോരു സ്വരമുണ്ട്. അനുഭവങ്ങളേയും ഭാവങ്ങളേയും ഇണക്കി നിർത്താനും, സത്യസങ്കല്പങ്ങളെ കലകൊണ്ട് കെട്ടിയിടാനുമുള്ള അത്ഭുതാവഹമായൊരു കഴിവ്—അതാണ് വി. വി. കെ.യെ മററു കവികളിൽനിന്നു വേർ തിരിച്ചു നിർത്തുന്നത്. ശബളാഭമായ ആകാശത്തേയും ശിലാവൃതമായ സഹ്യനിരകളേയും സംയോജിപ്പിയ്ക്കുന്ന ഒരു സുവർണ്ണമേഖല:—അതാണ് വി. വി. കെ.യുടെ കവിത.

ഈ കവികോകിലത്തിൻെറ പുതുഗാനങ്ങാം കോംക്കുവാൻ കേരളീയഹൃദയങ്ങാം വെമ്പിക്കൊണ്ടിരിയ്ക്കയാണ്. വി. വി. കെ. തളരാതെ പാടിക്കൊണ്ടിരിയ്ക്കുമെന്നു തന്നെയാണ് ഞാൻ വിശ്വസിയ്ക്കുന്നത്.

പുതിയറ,<br>1-7-'47.

എസ്. കെ. പൊറെറക്കാട്ട്

# വിഷയസൂചി


| | | | | പേജ് |
|---|---|---|---|---|
| 1 | ഹൃദയഗായകൻ | ... | ... | 1 |
| 2 | മറന്നുപോയി | ... | ... | 7 |
| 3 | ആ പൂമരം | ... | ... | 8 |
| 4 | പരിണാമം | ... | ... | 10 |
| 5 | ഓണം, അല്ല; ഏകാദശി! | | ... | 12 |
| 6 | സങ്കല്പകാമിനി | ... | ... | 14 |
| 7 | തൂലിക | ... | ... | 19 |
| 8 | ജീവിതം | ... | ... | 21 |
| 9 | പ്രേമനിർവൃതി | ... | ... | 22 |
| 10 | ബാഷ്പാങ്കുരം | ... | ... | 27 |
| 11 | അഴകിന്റെ മറുവശം | ... | ... | 28 |
| 12 | ചക്രവാളം | ... | ... | 30 |
| 13 | ആരാമത്തിൽ | ... | ... | 32 |
| 14 | ഞാൻ | ... | ... | 34 |
| 15 | നമ്മുടെ തുളസി | ... | ... | 35 |
| 16 | എന്നാലും! | ... | ... | 40 |
| 17 | പുലരിയുടെ വിരുന്നുകാരൻ | | ... | 41 |
| 18 | ഗുരുപൂജ | ... | ... | 43 |
| 19 | നാളത്തെ പൗരൻ | ... | ... | 46 |
| 20 | ഭാരതം ചോദിക്കുന്നു | ... | ... | 49 |
| 21 | ഗ്രാമീണസന്ധ്യ | ... | ... | 50 |
| 22 | സന്ധ്യാസൗന്ദര്യം | ... | ... | 53 |
| 23 | ഹൃദയബാഷ്പം | ... | ... | 55 |
| 24 | പുഷ്പാഞ്ജലി | ... | ... | 58 |

UNIVERSITY ... MADRAS
23 FEB 1948

# ഹൃദയഗായകൻ

(കേക)

പാവനപ്രേമം, ദിവ്യ-
സ്നേഹമിപ്പദങ്ങളാൽ
മോഹനമനോമാല്യം
നിർമ്മിക്കും യുവതപമേ,
സങ്കല്പം യാഥാർത്ഥ്യത്തെ
വരിക്കും മുഹൂർത്തത്തിൽ
നിൻകലാവിരുതെല്ലാം
പതറുന്നല്ലോ നൂനം!
കാണുന്നതൊന്നുംപോരാ
കാണാത്തന്യൂറായിരം
കാര്യങ്ങളൊത്തീടേണം
ദാമ്പത്യസാഫല്യത്തിൽ!
രാഗത്തിൻ മനോജ്ഞമാം
ഭാവത്തിൽഗ്ഗുണോദാര
ഭാഗത്തെമാത്രം ലോകം
കാണിക്കും പരസ്പരം
അന്യോന്യം മറക്കുവാൻ
ശ്രമിക്കും കുററങ്ങളെ
യന്യൂനം പൊറുക്കുവാൻ
പഠിച്ചെന്നാലോ!ലോകം?

പ്രേമസത്യത്തെക്കാത്തു
പോന്നവനിന്നുന്മാദി,
പ്രേമവഞ്ചനചെയ്യോ
ളിന്നാക്കും പ്രമോദിനി!

പണവും പ്രതാപവു-
മുള്ളവക്കേതും നീതി;
തുണയില്ലാത്തോനേതു
നീതിയുമനീതിയും!

ഹൃദയം ചൊല്ലുമ്പോലെ
പറയൂ; പ്രവൃത്തിയ്ക്കൂ;
വിദയം ചൊല്ലുംതന്നെ
ഭ്രാന്തനെന്നാരുംതന്നെ

ആന്തരപ്രചോദനം
തഞ്ചത്തിൽ മറച്ചാലേ
പന്തിയാവുള്ളൂ ലോക
ജീവിതം പരമാത്ഥം

മത്ത്യജീവിതംപോലെ
ഗൂഢാത്ഥകവിതയൊ
ന്നിത്രമേലാരും പാരിൽ
കണ്ടതായ് കേട്ടിട്ടുണ്ടോ?

ഈ വിധം സത്യത്തിൻെറ
നിത്യസന്ദേശംപോലെ
ജീവിതഗാനത്തിൻെറ
പല്ലവിപാടിക്കൊണ്ടേ,

ഇന്നുമക്കലൊശാല
　　തൻനടക്കാവിൽക്കാണാം
സന്നസത്വനാമൊരു
　　സുന്ദരയുവാവിനെ.

കവി, കാമുകൻ, ഭ്രാന്തൻ
　　മൂവരും സമന്മാരാ-
ണിവിടെയാമൂന്നാളു
　　മേകനായ്ച്ചമഞ്ഞെന്നോ?
പ്രേമശാലയിന്നയ്യോ
　　ഭ്രാന്തശാലയായ്ത്തീർന്നെ-
ന്നാമരത്തറനോക്കി
　　ച്ചൊല്ലിടുംചിലരെല്ലാം

ആ മരച്ചോട്ടിൽനിന്നാ-
　　ണരവിന്ദനോടന്നു
ഭാമിനി ഗാഢപ്രേമ
　　ശപഥംകഴിച്ചതും
വിഫലപ്രതിജ്ഞകറം
　　കേറംക്കയാൽ വിലക്കിപോൽ
വിറയ്ക്കും ചില്ലക്കയ്യാ
　　ലത്തരുവൃദ്ധൻതാനും
എത്രമേൽനെടുവീപ്പ്-
　　ശ്ശീതളാന്തരീക്ഷത്തിൽ
നിത്യവും ലയിപ്പിക്കു-
　　മാശയും നൈരാശ്യവും?

പട്ടണപ്രാന്തത്തിലു-
ണ്ടുള്ളോരുകൃഷീവല
പുത്രനാണരവിന്ദൻ
കണ്ണിലുണ്ണിയാണാക്കും
ഏകപുത്രനിൽക്കാണും
സൽഗ്ഗുണം പിതാക്കൾക്കു
നാകലോകത്തെത്തന്നെ
ഭാവിയിൽച്ചമയ്ക്കില്ലേ?
തങ്ങൾതൻസർവ്വസ്വവും
വിററിട്ടാണവരന്നു-
പ്പൊൻമകൻതന്നെകലാ-
ശാലക്കായയച്ചതും
വാസനാവിലാസിയാം
കവിയായ് വിദ്യാത്ഥിയായ്
ഭാസുരനരവിന്ദ-
നാക്കുമങ്ങാരാദ്ധ്യനായ്.

നന്മതൻ വേഷംചമ-
ഞ്ഞാദരാലണഞ്ഞീടും
തിന്മയേനമുക്കത്രെ
വേഗത്തിലറിയാമോ?
ആമുഗ്ദ്ധയുവാവന്നാ
ക്കാഞ്ചനച്ഛായംതേച്ച
കാമത്തെപ്പരമാത്ഥ
പ്രേമമായെണ്ണിപ്പോയി!

ഭാമിനി, മനോഹര
രൂപിണി, പുത്തൻസ്നേഹ-
പാഠിനി യിടയ്ക്കൊന്നു
നോക്കിടും ചിരിച്ചീടും
ആ നോക്കും ചിരിയുമാ
യുവജീവിതത്തിനെ
വാനോളം പോരാ സ്വർഗ്ഗ-
ത്തോളവുംപൊന്തിച്ചല്ലോ

വർത്തകപ്രമാണിതൻ
പുത്രിക്കുള്ളാഡംബര-
മത്രയും നിജനവ
നിധിയായവൻനണ്ണി
യുവകാമുകനാമ-
ക്കവിതൻ സങ്കല്പത്തിൻ-
ഛവിയിൽമാധുരീമയം
മാനവലോകം മുറ്റും.

കലയും സൌന്ദര്യവും
കൊണ്ടാണോമനുഷ്യൻെറ
നിലയെഗ്ഗണിപ്പതാ-
പ്പണക്കാരെന്നോങ്ങാനും?
ആനിലക്കരവിന്ദൻ
അവർതൻ കപോലത്തിൽ
ഹാ! വെറുംകള്ളപ്പുഞ്ചിരി
മായതിലാശ്ചര്യമോ?

സമ്പത്തും പ്രതാപവും
വിധിക്കുംദിക്കിൽത്തന്നെ;
തൻപുത്രിപോയീടാഞ്ഞാ-
ലെന്തവർക്കഭിമാനം?

കാലമങ്ങനെപോയീ
ഭാമിനീരമേശന്മാർ
ബാലവേ മധുവിധു-
വാസ്വാദിക്കയാണിപ്പോൾ;
അവർതൻ സായാന്തന
സഞ്ചാരത്തിങ്കൽക്കാണാം.
അരവിന്ദനെയിട-
യ്ക്കവനോകാണില്ലൊന്നും.

വഞ്ചിതനാമായുവ
കോകിലം പാടീടുമ-
പ്പുഞ്ചമംപ്രപഞ്ചത്തിൻ
നെഞ്ചിനുമറയ്ക്കാമോ?
നിർമ്മലപ്രേമത്തിന്റെ
പുണ്യവേദിയിലെത്ര
മർമ്മഭേദികളായ
രംഗങ്ങളേവംകാണാം!

# മറന്നുപോയി!

(മാബലി)

സാദരം വന്നു കഴൽതൊഴുന്ന
സൌഹൃദത്തേയുംതിരസ്കരിച്ചു
സൌവർണ്ണകാന്തിയിലന്ധനായി
സൌന്ദര്യയാചനചെയ്യുംമർത്ത്യൻ!

കാമലഹരികലർന്നിടാത്ത
പ്രേമമധുരമധുവിന്നായി
പാരംപരന്നോരിപ്പാരിലെത്ര
പേരുണ്ട് കൈക്കുമ്പിൾകാട്ടുവാനായ്?

സാത്വികരാഗപ്രശംസയെല്ലാം
സ്വാർത്ഥവിജയത്തിന്നായിമാത്രം!
സ്നേഹത്തെ സ്നേഹത്തിന്നൊന്നിനായി
സ്നേഹിക്ക ലോകം മറന്നുപോയി!

—•—

പനിനീർപ്പൂവിൽക്കാണും കാന്തിയല്ലതിൻശാന്തി—
വിനയശ്രീലാളിയ്ക്കും സത്യസൌരഭം സ്നേഹം!

# ആ പൂമരം

(കാകളി)

കാരാഗൃഹത്തിൻെറ മുററത്തൊരററത്ത്
വാരാർന്നുനില്ക്കുമപ്പൂമരം കണ്ടുവോ?
ആമരത്തിന്നുണ്ടനേകായിരംകഥ-
യാരിലും രോമാഞ്ചമേററുന്നമാതിരി
"ഞാനെത്ര പുഞ്ചിരിപ്പൂപൊഴിച്ചീടിലും
എൻ നേരെയാക്കും പ്രസാദമില്ലല്പവും
താരണിച്ചില്ലയാൽ മാടിവിളിച്ചിടും
താപാർത്തരെ പൂന്തണലത്തിരുത്തുവാൻ
കാരാഗൃഹത്തിൻെറ സാന്നിദ്ധ്യമാണൊരീ
ഘോരപരാധിയെയാരാശ്രയിച്ചിടും!

നല്ലാരണിയേണ്ടുമെൻപൂക്കൾ ചൂലിനാ-
ലെല്ലാമടിച്ചവർ കുപ്പയിൽത്തള്ളിടും!
മാനിപ്പതില്ലെങ്കിൽവേണ്ടാ എനിക്കവ-
മാനമ്'പ്പുള്ളികൾ'ചേർപ്പതാണക്രമം.
തപ്തനിശ്വാസത്തിലൂടെ പൊന്തീടുന്ന
സത്യരഹസ്യങ്ങളെത്രയെൻ ചുററിലും
സാഹസംവെട്ടീടുമാത്മക്ഷതങ്ങളിൽ
സാനുതാപാശ്രുക്കൾ ധാരചെയ്യുന്നതും

മാനാവമാനങ്ങൾ മല്ലടിച്ചീടുന്നൊ-
രാനനംതാഴ്ത്തിയാനിദ്ദ്രോഷിനില്ലതും
പൊൻപൂച്ചിൽമായും കടുംകൈസ്വാതന്ത്ര്യമായ്
പൊള്ളയാം പ്രാഭവം കൈകൊണ്ടു പോവതും
മറവുംയഥാർത്ഥചരിത്രങ്ങളെത്രയും
മർമ്മരാവേശത്തിലെത്രഞാൻ ചൊല്ലിലും
ചെന്തലപ്പാവാന്ന നീതിയുലാത്തിടും
ചന്തത്തി;ലൊന്നുമേകേൾക്കാത്തരീതിയിൽ
കാലവും,ദേശവും വ്യക്തിയുംകൂടാതെ
തൂലികേ യെങ്ങുംപരത്തുകീവാസ്തവം

---

നീതിയെന്നുണ്ടൊരു പൊൻപട്ട ലോകത്തി-
ന്നേതോരനീതിയുമിട്ടുമൂടാൻ!

# പരിണാമം

(കേക)

യാന്ത്രികൈശ്വര്യത്തിന്റെ
ചുമലിൽ ക്കയ്യുംവെച്ചു
പൊന്തിനിന്നീടുന്നോരു
ഭൌതികപരിഷ്കൃതി
പടക്കോപ്പണിഞ്ഞുള്ള
സർവ്വാധിപത്യത്തിന്റെ
യൊടുങ്ങാത്താഹത്തിനായ്
രക്തതർപ്പണംചെയ്വൂ.

ക്രിസ്തുദേവനുംദയാ
മയനാം ശ്രീബുദ്ധനും
നിത്യദീപ്താത്മാക്കളായ്
വിശ്രമിച്ചീടുംമണ്ണിൽ
നരനെ നരൻവേട്ട
യാടുക;-പരിഷ്കാര-
പരമായ് ലോകത്തിന്നു
സിദ്ധിച്ചപുരോഗതി!

മോഹമാം പടയാളി
ഹിംസയാ മസ്ത്രത്താലെ
യാഹവംനടത്തവെ
ജീവിതാങ്കണത്തിങ്കൽ,

അദ്ധ്രാണമായ്ത്തീൻ
പിടയുംമനുഷ്യത-
യത്ഥവത്തായ്നോക്കുന്നു
ചുററുപാടുമേ മുററും!

ശാസ്ത്രത്തിൻപുരോഗതി
യൊക്കയും സമുദായ-
ഹത്യയിൽ;—നിനക്കാത്ത
വല്ലാത്തപരിണാമം!

ഭോഗലോലതയുടെ
നരനായാട്ടിൽനിന്നീ
ലോകത്തെയുടനടി
തിരികെവിളിക്കാഞ്ഞാൽ!

# ഓണം, അല്ല; ഏകാദശി!

(മാബലി)

കേരളത്തിൻെറ കഴിഞ്ഞുപോയ
കേവലസുന്ദരസ്വപ്നമായി
ആബാലവൃദ്ധമനുല്ലസിച്ച
മാബലിനാടിൻസ്മരണയായി,
സ്നേഹമരചനായ് വാണനാട്ടിൻ
മോഹനഗാനകവനമായി,
ഓണമാംപല്ലവി പാടിവീണ്ടും
ചേണാൎന്ന കാലസംഗീതയന്ത്രം.

വാനത്തിൻ പ്രേമാമൃതത്തിലേറെ
ആനന്ദത്തോടെ നീരാടിനേരെ
കാർവേണിഭംഗിയോടൊന്നൊതുക്കി
കാമ്യപ്രകൃതിയായുല്ലസിക്കും
ചിങ്ങത്തിൽ മഞ്ജുളനെററിതന്നിൽ
മംഗളസിന്ദൂര ബിന്ദുവായി
ആശതൻ മുററത്തു പൂവിരിച്ച
പേശലകാലവിലാസമായി
വാണുവിളങ്ങിയോരോണമേ നീ
കാണുന്നതെന്തിന്നക്കേരളത്തിൽ?
ആളിപ്പടൎന്നവിശപ്പിനാലെ
കാളിപ്പോയ്ജീവിതച്ചില്ലയെല്ലാം

നിൻചാരുപാദസപര്യചെയ്വാൻ
പുഞ്ചിരിപ്പൂവൊന്നു മില്ലതിങ്കൽ
ഭിക്ഷവാങ്ങാനായൊരുത്തനമ-
ന്നിക്ഷിതിതന്നിലുണ്ടായിരുന്നോ?
പാൽച്ചിരിപ്പട്ടിനാൽ സ്വാതന്ത്ര്യഭാണ്ഡം
പാടെമറച്ചു മിടുക്കനായി
സമ്പന്നൻ കാശിന്നായ് കൈമലത്തു-
മമ്പിന്നായ് പ്പാവങ്ങൾ പാളകാട്ടും
എന്തിന്നധികം പറവതിന്ന-
പ്പന്തിയിൽ യാചകരംഗം ലോകം
കാലംതിരിഞ്ഞതിരിച്ചലിലി-
ന്നാളുംതിഥികളും തമ്മിൽമാറി
അന്നെന്നുമോണമിക്കേരളത്തി-
ലിന്നെന്നാൽനിത്യമേകാദശിയും!
ഇസ്സമുദായപ്പഞ്ചാംഗമൽപ-
മിന്നുതിരുത്തിയാലെന്നുമോണം!

# സങ്കല്പകാമിനി

(കേക)

കവി:—

സത്യസൗന്ദര്യങ്ങളാൽ മർത്ത്യമണ്ഡലത്തിങ്കൽ
നിത്യനൂതനസ്വപ്നം നിർമ്മിക്കും കലാദേവി,
ഭാവനാതപസ്സിനാ ലുൾക്കണ്ണുതെളിഞ്ഞൊരു
പാവനാത്മാക്കൾക്കല്ലാതങ്ങയെ ദ്ദൃശിക്കാമോ?

ഭോഗലാലസതൻെറ പൂവണിക്കുമൂൾക്കാട്ടിൽ
നാകസൗഭാഗ്യംതേടിയാത്മാക്കൾ മുറിപ്പെട്ടു
കണ്ണീരിലന്ധന്മാരാ യന്യോന്യംതിരയുമ്പോൾ
കണ്ണിനുൾക്കണ്ണായുണ്ടായുജ്ജ്വലവിഭാവനം
ഹൃദയം ഹൃദയത്തിന്നടിയിൽച്ചെല്ലുന്നേര-
ത്തുദയം ചെയ്തു നവ്യ മോഹനം കലാരൂപം.
അത്തിരുവവതാരം വിളങ്ങീ വിജ്ഞാനത്തിൻ
കൈത്തിരികൊളുത്തിയ നിത്യസൗന്ദര്യത്തിങ്കൽ
അന്നുതൊട്ടിന്നോളവും കാന്തിയും കലയുംതാ
നന്നയിച്ചതുമൂറം മാനവവികാസത്തെ.

[സത്യസൌന്ദര്യങ്ങളുടെ നിത്യനിർമ്മലസ്വപ്നം സൃഷ്ടിക്കുന്ന മധുരരൂപിണിയായ കലാദേവിയെ തൻെറ ജ്യേഷ്ഠസഹോദരിയായ കാന്തി (സൌന്ദര്യം) ചിത്രകാരൻെറയും കവിയുടെയും കാമിനിയെന്ന നിലയ്ക്കു ചാരിത്രഹീനയെന്നു സംശയിക്കുന്നു]

(ദ്രുതകാകളി)

കാന്തി:—

ജീവിതാനന്ദജീവനായ്മേവിട്ടം
ഭാവനാത്മികേ, സൽകലേ,സോദരി
നിന്നുദയത്തിനായുയിരേൽക്കയാൽ
ധന്യധന്യയായ്ത്തീന്നിതിക്കാന്തി ഞാൻ
സംസ്തുതിതൻെറ പൊൻകൊടിക്കുറയിൽ
മുദ്രിതം നിൻെറ ദിവ്യനാമാക്ഷരം.
പൂവിലും, പൂനിലാവിലും, പുഞ്ചിരി-
പ്പൂവിലും നിൻെറ വെണ്മയെക്കൊണ്ടു ഞാൻ
ഉല്ലിതൻ നിത്യസൌഭാഗ്യസഞ്ചയം-
സർവ്വതന്ത്രസ്വതന്ത്രയാം നിൻജയം!
എങ്കിലും നിൻെറ ചര്യയിൽ സംശയം
തങ്കിടും മട്ടിലാണു പൗരാശയം!
രണ്ടുകാമുകരുണ്ടുപോൽ നിൻകഴൽ
ത്തണ്ടലരിനുദാസ്യംകൊതിക്കുവോർ!
വിശ്വസൌഭഗംവീശിവിളങ്ങിടും
വിസ്മയാകാരനാം ചിത്രകാരനും,
ശാശ്വതമതിൻ സൌരഭമൊന്നുതാ-
നച്ഛ്വസിച്ചുയിർക്കൊള്ളും കവീന്ദ്രനും
രണ്ടുപേരിലും നിൻകടാക്ഷാഞ്ചല-
മുണ്ടുപോൽക്കളിച്ചീടുന്നുവണ്ടുപോൽ.

(മാബലി)

കല:—

സാദരംനിൻെറയീയാജ്ജവത്തെ
സ്വാഗതം ചെയ്യും ഞാൻ ഹാർദ്ദമായി

എൻഗുണകാംക്ഷിണി നിൻഹൃദയ-
ശങ്കകൾ സ്വാഭാവികങ്ങളല്ലോ.
മുഗ്ദ്ധഹൃദയങ്ങൾസ്നേഹവായ്പിൽ
ദഗ്ദ്ധമാമജ്ഞാതകാരണത്താൽ
ആയിരം കാമുകർ കാത്തിരുന്നാ-
ലായതിൽ സാദ്ധ്വീഞാനെന്തുകണ്ടു?
ചേറണിനീരിൽക്കുരുത്തുപൊങ്ങും
ചേണണിത്താമരയ്ക്കെന്തുഭംഗം!
ലോകമൊരുവശംനോക്കിമാത്രം
നാകനരകങ്ങൾ തീർപ്പു ചിത്രം!
നീതിതൻസൽപഥമേകമാണോ?
ഏതിനുമില്ലേബഹുവശങ്ങൾ?
കാമിനീകാമുകബന്ധമൊന്നേ
ഭൂമിയിലുള്ളൂവരേണ്യമായി?
കാമത്തിൻ ചെഞ്ചായംപൂശിടാതെ
പ്രേമപ്പൊൻചങ്ങല മിന്നുകില്ലേ?
ജ്ഞാനത്തിൻമാനസ പുത്രിയാംഞാ-
നാനന്ദദാത്രിയാം നിത്യകന്യ.

(ദ്രുതകാകളി)

കാന്തി:—

എന്നനുജത്തി, തെററിനടക്കിൽ നാം
മന്നിലെന്തിന്നു ജീവിച്ചിരിയ്ക്കണം
സാദ്ധ്വി നാമൊന്നു ചിന്തിച്ചുനോക്കുക
ശുദ്ധനീരല്ലിവേഗം കലങ്ങുക
നിന്നെഞാനായു മെന്നെനീയായുമേ
തോന്നിടുംചിലക്ക്രൂരയാംചേച്ചിനാം

എന്തിനായ്ധർമ്മ ചിന്തയില്ലെങ്കിലീ
കാന്തിയും കലയുമുയിർക്കൊള്ളണം?
ധാർമ്മികാനന്ദമല്ലയോ നമ്മിൽനി-
ന്നിമ്മഹിക്കുള്ളനിത്യപ്രതീക്ഷകൾ?
എന്മനോഭിത്തിയിങ്കലാവെൺകിളി
നിന്മെയ്‌പ്പടിപൂശിയെൻ പൈങ്കിളി.

(മാബലി)

കല:—

ഭാവപ്രകാശകൻ ചിത്രകാരൻ,
ഭാവനാഗായകൻ കാവ്യകാരൻ.
ഭാവവിഭാവനാസങ്കരമേ
ഭൂവലയാമോദപുഷ്കരമേ.
വിശ്വപരിചരണോത്സുകരെ
വിസ്മരിച്ചീടുക സാദ്ധ്യമാണോ!
എന്നെഞ്ഞാനായ്ക്കാണാനാമനോജ്ഞ
പ്പൊന്നിൻകിനാവുകൾതന്നെവേണം
ലോകവികാരംപകർത്തുമേകൻ
ആകെവിചാരവുംപാടുമേകൻ
മണ്ണിനെ വിണ്ണാക്കിടുന്നതിന്നെൻ
കണ്ണുംകരളുമക്കോമളന്മാർ.
ഭക്തനു ദേവിയും ദാസിയും ഞാൻ
സക്തനൊരിക്കലും പത്നിയാകാ.

(മഞ്ജരി)

കവി:—

ജീവിതാരാമത്തിൽപ്പൂങ്കുയിലാകവി
ശ്രീവിളയും മയിൽ ചിത്രകാരൻ!
ആനന്ദത്തിന്നിരുവീചികളാണവർ
മാനസവാസന്തസൌഭഗങ്ങൾ!
അക്ഷരത്തിൽച്ചാരുചിത്രം വരച്ചിട്ട-
മക്ഷയ്യകാന്തിമാനാമൊരുവൻ
മൌനാവലംബിയാം കാവ്യമെഴുതിടും
മാനത്തിൽ മാരിവിൽപോലൊരുവൻ.
സൌന്ദര്യപൂജകരെന്ന നിലയ്ക്കുവ-
രെന്തിലുമെങ്കിലും ഭേദമുണ്ടോ?
ശബ്ദവും രൂപവുംകൊണ്ടു ഹൃദയത്തി-
ന്നത്ഭുതോപാസന ചെയ്തിടുന്നോർ
വിശ്വഹൃദയത്തിൽ വിണ്ണിൻവെളിച്ചത്താൽ
ശാശ്വതദീപം കൊളുത്തിടുന്നു.

# തൂലിക

(പാന)

കാലമെത്രകവിതയെപ്പൂത്തീടും
തൂലികയൊന്നു കാണാതെ മണ്ണിതിൽ
ഭൂതകാലചിതയിലെ ചാമ്പലാം
ഭൗതികസൃഷ്ടി തൻെറ സർവ്വസ്വവും
താവകജീവരക്തബിന്ദുക്കളാൽ
തൂലികേ നീ രചിച്ചവയൊക്കയും
സത്യവല്ലിതൻ ചില്ലയിൽ മിന്നിടും
നിത്യതയിൽ വിരിഞ്ഞപൊൻപൂക്കളായ്
യാചനയിൽ ചൊരിഞ്ഞൊരജ്ജീവിത
യാതനയിലെ പാഴ്ഞ്ഞരക്കത്തിലും
കോമളനവദമ്പതിമാരുടെ
പ്രേമനിർമ്മല നർമ്മോക്തിതന്നിലും
മഞ്ജുളമാം കവിത തൻ നർത്തന
ശിഞ്ജിതം കേട്ടു കോൾമയിർകൊണ്ടു നീ
ലോകഹൃത്തിൽ പകർത്തുമതാകവെ
ശോകഹർഷവിലാസകലവിയാൽ!
ഭാവനതൻ കലവറയിങ്കലേ
ജീവിതത്തിൻ രഹസ്യവശങ്ങളെ,
നീ കലയോടുരയ്ക്കുമാ ഭാഷയിൽ
ലോകമെന്തോ നവോത്സവം കണ്ടിടും

ഉജ്ജയിനിയും ഭൂതിയും ഭൂപനു-
മുത്തരക്ഷണത്തിങ്കലേ കെട്ടുപോയ്
തൂലികേ നിൻെറ പുഞ്ചിരി തഞ്ചിയ
കാളിദാസനോ നിത്യപ്രദീപ്തിയും
ഭംഗുരതയിൽനിന്നു മഴകിനെ
ഭംഗിയിൽ ചില്ലിലിട്ടു സൂക്ഷിച്ചിടും
നിൻ മനോധമ്മമാണീയുലകിന്നു
കമ്മമാൎഗ്ഗം കുറിയ്ക്കുന്നതെപ്പൊഴും.

ദിവ്യസൌന്ദര്യം നകന്നുറങ്ങും കവിതന്നെ
നവ്യഭാവന പുണൎന്നുണൎത്തിപ്പാടിച്ചീടും.

# ജീവിതം

(താരാട്ട്)

ജീവിതം ഭാവനാതീതം—ശുദ്ധ
ഭാവാത്മകാവ്യസങ്കേതം
കാണാതെ കണ്ടെന്നുറക്കും—പൊരുൾ
കാണാതെ കണ്ടൊന്നുരക്കും,
ശാസ്ത്രപ്രതിഭകളെങ്ങു—മതിൻ
വിസ്തൃതി കാണാതെ മങ്ങും
നിത്യാനുഭൂതിയെഴുത്തും—മഹാ-
വ്യാഖ്യാനമുള്ളപ്പൊഴുത്തും
ശബ്ദചമൽകൃതി മാത്രം—കൊണ്ടു
തൃപ്തമീലോകം വിചിത്രം!

—•••—

ഭൂതവും ഭാവിയും കൈകോർത്തിണങ്ങുന്ന
ചേതോവിമോഹന സന്ധ്യയാം ജീവിതം!

# പ്രേമനിർവൃതി*

(കേക)

ഭൌതികസുഖത്തിന്നു
    മീതെയായ് ഹൃദയാനു
ഭൂതിയാൽ പ്രമേയമാ
    മാനന്ദമൊന്നുണ്ടല്ലോ
അതു കൈവരുന്നീലെ
    ന്നാകിലീപ്രപഞ്ചത്തി-
ലഖിലപ്രയത്നവും
    പ്രേമവും വ്യർത്ഥം തന്നെ.
ഇമ്മഹാ സത്യത്തിന്നു
    നിത്യസാക്ഷികളായി
കാമിനീകമിതാക്ക
    ളെത്രയുണ്ടെവിടേയും?
ജീവിതം പരശ്ശതം
    വൈപരീത്യത്താൽ പരി-
ശോധനം ചെയ്യപ്പെട്ടും
    കാലികപ്രയാണത്തിൽ
സമ്പത്തും സൌന്ദര്യവു-
    മുത്തരം കിട്ടാതെന്നു-
മമ്പരന്നതിൻമുമ്പിൽ
    കൊമ്പു കുത്തീടുന്നല്ലോ

---

* 'ഹൃദയഗായക'നെ അനുസ്മരിക്കുക.

ഏകപുത്രിതൻവൈവാ
ഹാഘോഷംവണിഗപര-
നെത്രമേൽകൊണ്ടാടിയെ
ന്നൂഹിക്കയെല്ലോനല്ല
മംഗളഗാനത്തിൻെറ
മാധുരീലഹരിയാൽ
മഞ്ജുളമാരംഗവു-
മങ്ങനെസമാപിച്ചു.
നവമായതേവരെ
കാണാത്തതെന്തോകാണും
യുവജീവിതത്തിന്നാ
മധുചന്ദ്രികയിങ്കൽ!
വാക്കുകൾക്കൊത്താൻവയ്യാ
ത്തുള്ളൊരുചമൽക്കാരം
നോക്കിലുമുൾക്കാമ്പിലും
വാക്കിലുംകളിച്ചീടും
ദിവ്യമാമതിൻദീപ്തി
യേതിലും പ്രസന്നമായ്
ക്കാവ്യസൌകുമാര്യത്തെ
പ്പാരിന്നു പാടേനൽകും.
ആളുകൾ പറകയായ്
ഭാമിനീരമേശന്മാ-
രാളുമാപ്രേമംതന്നെ
മാതൃകാപ്രേമം പാരിൽ!
നവയൌവനത്തിൻെറ
മധുരപ്രതീക്ഷയിൽ

നലമായ്മാത്രംകാണും
ലോകമല്ലല്ലോലോകം!
അപ്രതീക്ഷിതങ്ങളാം
സംഭവങ്ങളാലല്ലീ
യിപ്രപഞ്ചത്തിൻനിത്യ
യൌവനം പുലരുന്നു?

പർവ്വതത്തോളം പോരു
മുറച്ച വിശ്വാസവും
പാറിടും സത്യത്തിന്റെ
പരമാണുവോടേററാൽ
അന്നവർ സുദാമ്പത്യ
ജീവിതശൃംഗാടകം
തന്നിൽനിന്നൊരേനോക്കിൽ
കൺകയായിരുമാർഗ്ഗം
കാമുകൻ കാമത്തിന്റെ
മോഹനസരണിയെ-
ക്കാമിനി കാമ്യപ്രേമ
പാവനസരണിയെ
അങ്ങനെ, യൊരേബിന്ദു
വിങ്കൽനിന്നകന്നവ,
രിന്നൊരു വിശാലകോ-
ണിന്റെ രണ്ടഗ്രങ്ങളായ്.

(ദ്രുതകാകളി)

കാലമിത്തിരി മുന്നോട്ടുപോകവെ
ലോകമെത്രതിരിഞ്ഞീടുമാകവെ

പൂക്കളെത്തേടുന്ന വണ്ടാംരമേശനെ
നോക്കിടാറില്ലതാരുമിന്നങ്ങനെ
ഭാമിനിജഗന്മോഹിനിയല്ലിനി,
പ്രേമയോഗിനി! ഹാ മഹാത്യാഗിനി!
'പൊന്നൊളിയല്ല ജീവിതപ്പൂവിനെ
ധന്യമാക്കുന്നതാത്മസൌരഭ്യമാം'
അച്ഛനമ്മമാരിന്നനതപ്തരാ-
യച്ഛരാഗത്തെയേവം പുകഴ്ത്തിടും
അന്നുനിസ്സാരനായോരരവിന്ദ-
നിന്നവൎക്കൊരാദൎശമൂൎത്തിയായ്.
ശ്രീമയനാം രമേശനും പാവന
പ്രേമബന്ധുരനാമരവിന്ദനും
അക്കുഡുംബത്തിനല്ല ലോകത്തിനും
നില്ക്കണമൊരു മാതൃകാപാത്രമായ്!
മൎത്ത്യചിത്ത പരിവൎത്തനത്തിനാ-
യെത്രവേണം നിമേഷമെന്നോൎക്കണം!
വാസ്തവരാഗരശ്മിയാൽ ഭാമിനി
നിസ്തുലാരവിന്ദാശയം കാൺകയായ്.
നിർഭരവികാരത്തിൻെറ വീചികാ
നൎത്തനരംഗമായിതാഹൃത്തടം.
ആമണിമച്ചിൽനിന്നിടക്കീവിധം
കമ്രഗാനശകലമൊഴുകിടും.

(മാരകാകളി)

അകലെശാലാനടക്കാവിലിന്നുമേ
സൽക്കലാലോലുപനായി

മന്മനോനായകനാനന്ദദായകൻ
മാനസഗായകനായി
കാർമുകിൽ ചൂഴുമാവാർ മതിലേഖപോ-
ലാമരച്ചോട്ടിലേവാഴാം
ക്ലേശച്ചളിയിലുദിച്ചോരരവിന്ദ
പേശലരാഗമേരാഗം.
പേടപിരിഞ്ഞോരെൻ പൂങ്കുയിലേ, വന-
വേടനാലാബദ്ധഞാനോ
വഞ്ചകലോകം പണിഞ്ഞ വിവാഹമാം
കാഞ്ചനപഞ്ജരംതന്നിൽ!
പ്രേമത്തിൻ പൊൻപട്ടുടുപ്പണിഞ്ഞാടുമാ-
ക്കാമമേ മർത്ത്യനുവൈരി!
പാഴിലായ് പോയതാം പ്രേമചിത്രങ്ങളാൽ
പാരിടമെങ്ങുമേ പൂർണ്ണം.
നിർദ്ദയനീതിയുന്മാദിയെന്നോതിടും
നിശ്ചലാദർശസ്വരൂപം,
പ്രേമത്തിൻ കോവിലിൽക്കണ്ടുതൊഴുതു ഞാൻ
നിന്മഞ്ജുവിഗ്രഹംനാഥാ.
നിൻചാരുചേവടിതന്നിൽ പതിച്ചോരെൻ
നെഞ്ചകം ഭാരരഹിതം!
പ്രേമമേജീവിതം, പ്രേമമേനിർവൃതി!
പ്രേമമേ നീതന്നെയെല്ലാം!!

അലയിൽച്ചാഞ്ചാടീടും നുരയല്ലല്ലോജീവൽ-
ക്കലയിൽത്തഞ്ചീടുന്നോ രാത്മസൌഭഗം പ്രേമം!

# ബാഷ്പാംകുരം

(അന്നനട)

ഉലകിലാരുടെ വിയർപ്പൊഴുകിയേ
വിലയെഴും സുഖം തഴച്ചുപൊങ്ങിടൂ?
വരുതിയോടെവർ പൊരുതിനേടിയ
വിജയമോ ധനനിചയമൊക്കയും?
അവരഗതികൾ അവരധഃകൃത-
രവർക്കുമില്ലയോ സുഖാസുഖങ്ങളും?
പരപ്രണീതമാം സുഖംനുകർന്നിടും
ധനികനല്ലയോ വലിയയാചകൻ?
പരസുഖത്തിനായ് നിജസുഖംവിടും
ദരിദ്രനെത്രമേൽ ധനാധിനായകൻ?
അവൻെറവിയർപ്പിലും വിയർപ്പിലുംതനി-
ക്കവിതയെത്രയോ വികാരമെത്രയോ?
ഹൃദയമുള്ളവരതൊന്നു കാണണ-
മതൊന്നെഴുതണം അതൊന്നുപാടണം!!

# അഴകിന്റെ മറുവശം

(മഞ്ജരി)

ചില്ലയാംവാരണിത്തൊട്ടിലിൽ പൊന്നൊളി-
പ്പല്ലവപ്പട്ടുവിരിപ്പുതന്നിൽ
സ്വൈരമുറങ്ങുന്ന പിഞ്ചലർമൊട്ടിനെ,
പാരിന്റെ മുദ്രിതസൌന്ദര്യത്തെ
പച്ചപ്പടപ്പിനെ യിക്കിളിയാക്കിട്ടും
കൊച്ചുപുലർതെന്നൽ തൊട്ടുണർത്തീ.
തങ്കക്കസവണി സാരിയണഞ്ഞുകൊ-
ണ്ടെങ്ങോട്ടോപോകും തരംഗിണിയും
കുങ്കുമം പൂശിയോരൈന്ദ്രിയും മഞ്ജുള-
മൌക്തികമൌലിയാം പുൽക്കൊടിയും
നിശ്ചലമൂകമായ്ത്തന്നെ നിലകൊള്ളും
സ്വച്ഛനീലാഭമാം മാമലയും
സാകാരമാധുരീ യായൊരിപ്പൂകണ്ടു
സാകൂതമന്യോന്യം നോക്കിനില്പായ്.!
താരാനിരയുമി ത്താരിന്റെ വാരൊളി
പാരാതെകണ്ടുവിളറിമാഞ്ഞു.
മാത്രയാൽ മഞ്ജിമമായ്വതുകണ്ടുക-
ണ്ടുൾത്തരിപ്പാറ കരിങ്കൽപോലും
ഇപ്പുലരിപ്പൂവിൻ സപ്രേമവീക്ഷണാ
ലല്പമോരാർദ്രത പൂണ്ടുപോയി!
ജീവിതത്തിന്റെ യിരുണ്ട മറുവശം
കേവലം കാണാത്ത മുഗ്ദ്ധസത്യം-

പുഞ്ചിരിമാത്രമറിയുന്നൊരാർജ്ജവം-
സഞ്ചിതാനന്ദം മുകരും പ്രേമം.
പൊന്നുപുലരിതൻ മാറിലെ വാത്സല്യ-
പൊന്നാരപ്പൂവുതൻ ചുറമംനോക്ക
മാനിനം കാഞ്ചനനാണ്യം വിതരുന്ന
കാനനം സൌജന്യ ധന്യകേന്ദ്രം!
കോകിലാലാപങ്ങൾ! കേകീനടനങ്ങൾ!
കോരക കീർണ്ണമാം ചാരുരംഗം!
നിസ്തുലരാഗത്തെ നിശ്ശബ്ദഭാഷയിൽ
നിസ്സീമം വാഴ്ത്തും ശലഭജാലം!
എന്തിനിന്നേറെയാ വിണ്ണോർപുരിയുമീ
പൊൻതാരിൻ നാട്ടിന്നു കഗ്രാമംതാൻ!
ഏതഴകിൻെറയും പാഴ്ത്തരിപോലുമേ
ഭൂതകാലത്തിൻ കലവറയിൽ
സത്വരം ഭദ്രമായ് വെച്ചടച്ചല്ലാതെ
നിത്യതക്കിത്തിരി തൃപ്തിയുണ്ടോ?
കാലമിഴഞ്ഞിഴഞ്ഞങ്ങെത്തിതൻമൃദു
ലോലദലംതിന്നും പാഴ്പുഴവായ്
കാലത്തെപ്പൊന്നൊളി നേരററ ചൂടായി
പേലവപ്പിഞ്ചിതൾ വാട്ടുകയായ്.
മുന്നംതലോടിന തെന്നലിൻ ഭാവമോ
തന്നെയടിച്ചുവീഴ്ത്താനായ്മാറി.
നന്മതൻ പൊന്മഷി തന്നിൽ കുറിച്ചതും
തിന്മതൻ തീവ്രാജ്ഞയായിരുന്നു.
മന്നിന്നഴകിലലിഞ്ഞൊരീമാധുര്യ
മിന്നതിൻ കയ്പിനാൽ മാഴ്കുമാറായ്.

—•••—

# ചക്രവാളം

(കേക)

ചിന്തതൻ ചിറകിനെ
വിജയിച്ചരുളുന്നു
പന്തയക്കുതിരപോൽ
കുതിക്കുന്നതാം കാലം!
എന്തിനെങ്ങോട്ടെന്നില്ലാ
തതിനെത്തുടരുന്നു
സന്തതം ജഗത്തിൻെറ
ജീവിത നിശ്വാസങ്ങൾ?
വിരമിച്ചീടുന്നല്ലോ
ജീവിത തീർത്ഥാടനം
മരണം തുറന്നിട്ട
വഴിയമ്പലത്തിങ്കൽ?
മോഹന മണിനാദം
കേട്ടുവീണ്ടുമേയാത്മ
ഭാവനയുണരുന്നു
ജീവിതോദയത്തിങ്കൽ!
ജീവിതം നിമേഷത്തിൻ
സുന്ദരസ്വപ്നത്തിലേ
വേപഥുവതിങ്കൽ നാം
തീർക്കുന്നുലോകാലോകം!

കാലത്തിൻ കണികയെ-
പ്പോലുമക്കലാകാരൻ
നീളവെ വർണ്ണിയ്ക്കുന്നു
ജീവിതക്കടലായി
ശാസ്ത്രവും കലയുമി-
ജ്ജീവിതാത്ഭുതത്തിൻെറ
വാസ്തവത്തിനായെത്ര
നാളുണ്ടതിരയുന്നു.

ശോകസുഖങ്ങളെത്തിട്ടമായി
ലോകത്തിനാമോകുറിപ്പെട്ടത്താൻ?

# ആരാമത്തിൽ

(ഊണമേരം)

അഴകിലഴകിന്നെത്തേടിയെന്നും
അകലെയകലെപ്പറന്നുപോകും
ശബളിതകാന്തിതരംഗമാകും
ശലഭത്തെക്കണ്ടു കൊതിച്ചുമല്ല.
കുളുർചില്ലക്കയ്യിൽ മുകുളമാല
കുതുകാലെടുത്തു വരിപ്പതിന്നായ്
തിരിയെവരാത്തൊരാപ്പാററതന്നെ
ഇരവുപകലുനിനച്ചിരിക്കെ,
തനതംഗകാന്തിയാംതാരിനമേ
തനിയെകൊഴിഞ്ഞു കഴിയുമാറായ്!
അമലമാമാത്മാവിൻ മീതെയായി-
ട്ടഴകിനെയെണ്ണുമപ്പാററ, കഷ്ടം!
പനിനീരലരിലണഞ്ഞിടുമ്പോൾ
പരിമൃദുലാംഗംകുടുങ്ങിമുള്ളിൽ!
അറിയുമീവാസ്തവമെങ്കിലുംഹാ
നരമല്ലവിശ്വസിക്കുന്നുമില്ല
നലമൊന്നേകാണും ഹൃദയമോക്കി
ല്ലുലകിന്റെപൊൻപൂച്ചും വക്രതയും
നിശിതമാം നൈരാശ്യ വജ്രമേററ
നിതരാംമുറിപ്പെട്ടും ജീവിതത്തിൽ,

കനിവിൻ ചഷകത്താൽ നിർവൃതിത്തേ-
നനിശമൊഴുക്കാനുദാരനായി,
വിധുരയായ്, നീവാഴ്കേ ദീനനായി,
ട്ടിതരസുമങ്ങളെ തേടിടാതെ,
പരിചോലും പ്രേമഝംകാരമോടെ
കരിവണ്ടൊന്നാത്തോപഹാരമോടെ
മുഴുമല്ലേ, ചുററും നിന്നരികി-
ലതുനീയറിയില്ലേ സത്യമായി?
വിമലതയൊന്നുതാൻ മാഞ്ഞിടാത്ത,
വിലയാന്ന സൌന്ദര്യമെന്നുകാട്ടും
സരളവിനീതമാം നിന്മനവു-
മൊരുവെറും കാന്തിയിലന്ധമായോ
പുറമോടിയൊന്നുതാൻ നോക്കിയാണ-
ച്ചെറുപാററ പാവമധഃപതിച്ചു.
അനുദിനമിങ്ങനെ യെത്രയെത്ര
മനുജരുണ്ടയ്യോ കുഴങ്ങിടുന്നു?
പരിചൊടിശ്ശെലിവെടിഞ്ഞിടാഞ്ഞാൽ
വരുമെന്നുലകിന്നുനിത്യതൃപ്തി?

—•—

പുഞ്ചിരിയെന്നൊരു വെൺചായമുണ്ടല്ലോ
വഞ്ചനയ്ക്കൊന്നു മുഖം മിനുക്കാൻ!

# ഞാൻ

(പാന)

വികാരം:—

ഹാ! വിശാലമനോജ്ഞപ്രപഞ്ചമേ,
ജീവിതാനന്ദമെങ്ങെന്നു ചൊല്ലുമോ?
തേനിലോ തേന്മൊഴിയിലോ കണ്ടിടാം
ഞാനതെന്നല്ലിയിന്നോളമോർത്തും!
ഭാവിഭാഗ്യപദാച്ചനംചെയ്യുവാൻ
ഭാവനാപുഷ്പമെത്രതിരഞ്ഞുഞാൻ
വന്നതേയില്ലതിഥിയുമിങ്ങുകൈ-
വന്നതില്ലൊരു കാട്ടുപൂവെങ്കിലും.

വിചാരം;—

ആഗ്രഹിക്കുവാൻ മാത്രമറിഞ്ഞിട്ട-
മാശയമെങ്ങൊരാനന്ദമാന്നിട്ടും
സ്വാത്മമുദ്രപതിച്ചേ ജഗത്തിലേ
സൌഭഗങ്ങളെയാസ്വാദിക്കുന്നു നീ
ആകയാലേതുമാധുരീസാരവു-
മാകമാരണ്ടവസാനതിക്തമായ്
താവകാത്മമാണീയുലകെന്നുനിൻ-
ഭാവ,മല്ലല്ല;നീയുലകിൻെറയാം.

# നമ്മുടെ തുളസി

(കേക)

സമുദായാരാമത്തിൽ
　　　　ത്തുളസിച്ചെടിയോടു
സമനായ്, സമാരാധ്യൻ
　　　　വാഴ്കയാണദ്ധ്യാപകൻ.
ശുദ്ധിയാൽ സരസ്വതീ
　　　　ക്ഷേത്രത്തിൽ, സംസേവന-
ശ്രദ്ധയാൽ ദയാർദ്രമാ
　　　　മാതുരാലയത്തിലും;
ഒന്നുപോലഭികാമ്യ
　　　　മാണിതപ്പുണ്യാത്മാവിൻ
സന്നിധാനംതാൻപിന്നെ
　　　　സ്സൌജന്യമെന്തേ വേണം?
ആദർശതിരമ്യം-
　　　　ആശയംപ്രവിശാലം!
ഹാ! ദശാവിശേഷാലി
　　　　ന്നൊക്കെയുംപൂജ്യംതന്നെ!
നിർഭരാവേശത്തോടും
　　　　പ്രസംഗമഞ്ചത്തിങ്കൽ
നിൽക്കുന്നൊരദ്ധ്യാപക
　　　　നെന്നപോൽത്തൃത്താവതാ

സങ്കല്പയാഥാത്ഥ്യങ്ങൾ
ഘട്ടനംചെയ്തീടുന്നോ-
രങ്കണത്തറയിങ്കൽ
വാഴുന്നുകൃശാകൃതി.

വെണ്മയു മൃദുത്വവും
ചേൎന്നോരാസ്ഥാനത്തിൻെറ
യുണ്മയിൽ വേണ്ടുംവളം
തെല്ലുണ്ടോജീവിയ്ക്കുവാൻ?

കൈമുറിച്ചീടുംമുള്ളും,
കൺമയക്കീടുംഭള്ളും,
കൈവന്ന ചിലരാണി
ന്നിവിടെ പ്രമാണികൾ!

നനച്ചും തലോടിയു
മവർതൻപാദങ്ങളിൽ
നമിച്ചും കൃതാത്ഥമായ്
ലോകവും പുലരുന്നു!

മുത്തശ്ശിയ്ക്കേകാദശി
യുള്ളപ്പോഴാവാം പാവ-
മിത്തിരി വെറം വെള്ളം
പോലുമേ കാണുന്നതും.

ചിലപ്പോളൊന്നോ രണ്ടോ
ഗദ്ഗദം മുടങ്ങിയാൽ
ശിവനേ! കണ്ടീടാമ
സ്സാധുവിന്നന്തർദാഹം

ഇല്ലില്ല, വളരുവാൻ
മാർഗ്ഗങ്ങളും; ചട്ടംചേരും
കല്ലുകെട്ടല്ലേചുററും?
ഭേദിപ്പാനാമോ ചെററും?
കുററനായ്ച്ചിലതുണ്ടാം
കപ്പയിൽത്തഴക്കുന്നു;
മററെന്തോ മാലിന്യത്തെ
ക്കവെന്നും കയ്യേറിയും!
ജീവിതവിശുദ്ധിയിൽ
വിശ്വസിപ്പോരങ്ങോട്ടു
പോവതില്ലെങ്കിൽക്കുററ
മോതാമോ നമുക്കേതാൻ?
കൈകനക്കവെ "മഞ്ഞ
ക്കായ്യ" മായ്നിന്നീടുന്നു
കാഞ്ഞിരം ദൂരത്തൊന്നും
കാണുവാൻ കൂട്ടാക്കാതെ
സവർണ്ണ[1] നവർണ്ണനും[2]
പിന്നെയങ്ങധഃകൃത-[3]
നിവർണ്ണം വർണ്ണത്രയ
ഭാഗമുണ്ടവിടേയും
ആത്മപൂജക്കീരുത്താ
വില്ലാതെ കഴിവില്ലെ-

---

1 ഗവമ്മെണ്ടു സർവ്വീസുകാർ തുളസി.

2 ലോക്കൽ ബോർഡ് സർവ്വീസുകാർ കൃഷ്ണതുളസി.

3 എയിഡഡ് എലിമെൻററി സർവ്വീസുകാർ കാട്ടുതുളസി.

ന്നാരുമേയുൽഘോഷിക്കു
മാദർശ പ്രസംഗത്തിൽ!
തീർച്ചയായ്ക്കാഴ്ചക്കേതും
വകയില്ലെന്നാലുംതൻ
ചേർച്ചയാലാരുംനേടാം
വാസനാ വിശേഷത്തെ.
പല്ലവാംഗുലിയാൽതാൻ
ചൂണ്ടുമാമാർഗ്ഗംനോക്കി-
യല്ലയോ നടക്കേണ്ടൂ
നാളെത്തെപ്പൌരാവലി?
ഏതിനാൽ ജനംതുംഗ
സംസ്കാരസൌധംകേറ-
മേതുമാനിശ്രേണിയെ
പ്പിന്നെയൊന്നോക്കാറുണ്ടോ?
ദേവേന്ദ്രസദസ്സിലും
മാന്യമാം മാഹാത്മ്യത്തെ-
ക്കേവലം പുല്ലായെണ്ണും
കാർത്തഘ്ന്യം ഭയാനകം!
ഒട്ടകത്തിന്നും കാമ്യ
സേവനസഹനങ്ങ-
ളൊട്ടുക്കുലഭിച്ചാലു
മൊന്നവൻ കാംക്ഷിച്ചീടാം
ഒട്ടുനാളതിൻ പടി
പാനഭോജനങ്ങളെ-

കിട്ടുവാനില്ലെന്നാലും
ജീവിയ്ക്കാൻ കഴിഞ്ഞെങ്കിൽ!
രാഷ്ട്രീയസൌഭാഗ്യത്തി
ന്നേകമൂലികയാമീ-
ശ്ശിഷ്ടവർഗ്ഗത്തെ യന്യ
നാട്ടുകാർ പോഷിപ്പിക്കെ
ആശ്രമാരാമത്തിങ്ക
ലാദ്യമേ വളർത്തിയോ-
രശ്രദ്ധരാണിന്നെന്നോ?
ക്ഷന്തവ്യമല്ലിക്കുററം!

ഭാവനയിൽനിന്നെത്രയോ ദൂരെയാം
ജീവിതത്തിന്നനുഭവകോടികം!

135768
O32:1NO67:11
H7
UNIVERSITY LIBRARY,
25 FEB 1948
MADRAS.

# എന്നാലും

(മഞ്ജരി)

ഭാവന:—

പൂങ്കയിലുമണിപ്പൂങ്കുലയും കുളിർ
തിങ്കളുമോമനത്തേൻകനിയും,
പാവനപ്രേമമധുരവിലാസവും
ജീവിതരംഗമിതെത്രരമ്യം!

അനുഭൂതി:—

ഭാവനതൻെറയീ മാദകഗീതിയിൽ
ജീവിതംതാനേ വിലാസകാവ്യം!
സങ്കല്പസത്യങ്ങളെപ്പൊഴുതെങ്കിലും
സങ്കലിതാനന്ദം ചേരുമെന്നോ?

ഭാവന:—

കണ്ടിടും പൂവണിപ്പാതകളാകവെ
കണ്ടകാകീർണ്ണമായ്ത്തീരുകിലും
എന്നാലുമെന്നാലുമുണ്ടാം പ്രതീക്ഷകൾ
കണ്ണീരിലെന്നും പുഞ്ചിരിയായ്.

# പുലരിയുടെ വിരുന്നുകാരൻ

(പാന)

വ്യോമശൂന്യതതന്നോട്ട മൂകമായ്
പ്രേമയാചന ചെയ്കയായ് കോരകം:
ഭീമയാഥാസ്ഥിതികനാംപാറയിൽ
സാമ്യവാദം മുഴക്കയായ് വാരിധി.
വിശ്വസൌന്ദര്യമൊന്നനുകരുവാ-
നാശുഗൻ തേടിയോടിക്കിതക്കയായ്
കാല്യകാന്തിയിൽ നിന്നൊരേടെങ്കിലും
കാവ്യകാരൻ കുറിക്കാൻകൊതിക്കയായ്
ഈ മധുരമനോഹരവേളയിൽ,
ഹാ! മടിയനുറങ്ങും പുലരിയിൽ;
കാലധൂമിക മൂടിവെച്ചീടിലും
കാമ്യസത്യം വെളിക്കു വരുംവിധം
മഞ്ഞണിത്തോപ്പിൽനിന്നു പുലരിതൻ
മഞ്ജുളാവ്യക്തതയിൽനിന്നങ്ങനെ
വന്നണയുന്നു പാടത്തുശാന്തിതൻ
സുന്ദരാകാരമാമൊരു പൂരുഷൻ
യത്നധീരതയേറിനടക്കുമാ-
രത്നവാഹനമായതൻ തോളിലായ്
ലോകജാലസമാധാനപാലന-
ലോല, മായുധമൊന്നുകാണുന്നിതാ!
തോക്കുതോളത്തുവെച്ചഭിമാനിയായ്
നിൽക്കുമാറുള്ളടിമയല്ലിപ്പുമാൻ.

തുമ്പയുമേന്തിയെത്തും കൃഷകനാ-
ണ്ന; മെഴന്നൊരീക്കാല്യനവാതിഥി:-

II

ധന്യകഷ്ക, നിൻനോട്ടമൊന്നിനാൽ
ത്തന്നെയിങ്ങുപുളകംമുളച്ചുപോയ്
ശുഷ്കജീവിതം, സത്യസംസേവനാൽ
നിഷ്ഫലാശാങ്കുരാരാമമാക്കുവാൻ:-
വന്മരുവിനെ നിത്യസല്ലാളനാൽ
കോൾമയിർ കൊണ്ടകേദാരമാക്കുവാൻ
കെല്പെഴുംനിൻ കരങ്ങൾകണ്ടീടുകിൽ
കല്പശാഖിയും കാൽപണിഞ്ഞീടുമേ.
സൌഖ്യജാതത്തെ മാടിവിളിച്ചിടും
സൌമ്യമായൊരത്തുമ്പതാനല്ലയോ
നിഷ്ഠുരമാം വറുതിതൻ മസ്തകം
നിർദ്ദയം പൊളിച്ചാർപ്പുവിളിപ്പതും!
പാവനമാം കൃഷിക്ഷേത്രമെന്നുമേ
നീവലംവെച്ചിടുന്ന വരമ്പിലോ
കാലമെത്രതകിടം മറിക്കിലും
കാലിടറില്ല സൌഖ്യത്തിനൽപവും
ഐഹികത്തിൻെറ കുന്നുകുഴികളെ
സ്നേഹരമ്യം സമനിരപ്പാക്കിടും
കർമ്മയോഗിൻ! ഭവദീയജീവിതം
ധർമ്മസുന്ദരം നിശ്ശബ്ദകാവ്യമാം.
ജീവിതസ്വച്ഛലോലയാം സാഹിതീ-
ദേവിതൻനറുംപാൽച്ചിരിത്തുമയിൽ
കഷ്ക, നിന്നരോഗ മനോഹര-
ഹർഷമാകണ, മാദൽമെങ്ങുമേ.

# ഗുരുപൂജ

(കേക)

ഭാവഗംഭീരങ്ങളാം
സാഗരങ്ങളെത്താഴ്ത്തും
പാവനങ്ങളാം ചില
തീത്ഥങ്ങൾ കാണാറില്ലേ?
ആയിരക്കണക്കായ
വത്സരങ്ങളും വാഴ്ത്തും
മായികപ്രഭാവങ്ങൾ
നിമിഷങ്ങളുമില്ലേ?
അക്കണക്കനെസ്യത
ജീവിതപ്രവാഹത്തി-
ലാത്മചൈതന്യത്തിൻെറ
പൊൽക്കതിർക്കുമിളയായ്
ശ്രീനവ നാരായണാ-
ചാര്യനിങ്ങുദിച്ചിതു
ഹീനന്നും കുബേരന്നു
മൊക്കെയും നിധിയായി.
കേരളത്തിനെന്നല്ല;
ഭാരതത്തിന്നും പോരാ;
പാരിലെ മനുഷ്യത
യ്ക്കൊക്കെയും വിഭൂഷയായ്
ശോഭനൻ 'സമുദായ
രോഗശുശ്രൂഷ'ക്കായി

*ശ്രാവണ 'ശതഭിഷ
ഗൃത്'നായിറങ്ങിപോൽ!
എന്തെന്നോ?— പിതാക്കളും
സോദരന്മാരും വീണ
തുംഗമായീടും ജാതി
ത്തുറങ്കിന്നിരുൾക്കണ്ടിൽ!
ചണ്ഡമാം ദുരാചാര
പ്പാഴ്'വിലങ്ങോരോന്നായി
ഖണ്ഡിച്ചാവിമുക്തിതൻ
വാതിലും തുറക്കയായ്.
സമത്വസാഹോദര്യ
സ്വാതന്ത്ര്യമുരളിയെ-
സ്സമസ്തസമുദായം
കേൾക്കുമാറൂതിപ്പോന്നു
മർത്ത്യരാൽത്താഴ്ത്തപ്പെട്ട
മർത്ത്യരാവൈക്ലബ്യത്താൽ
കർത്തവ്യകണികയെ-
ക്കാണാതെ കഷ്ടണിക്കെ
ജ്ഞാനത്തിൻ മനോ'ധർമ്മ
ക്ഷേത്രങ്ങ'ൾ പൂകിപ്പൂകി
മാനവന്മാർക്കായ് 'യോഗ
ക്ഷേമ'ത്തെപ്പലത്തിയും
പാമരന്മാർക്കും നോക്കി
പ്പഠിപ്പാനനക്ഷരം

---

* ചിങ്ങത്തിലെ ചതയം നക്ഷത്രം.

പാവിതസ്വജീവിത
'ഗീത'യും കാട്ടിപ്പോന്നു.
അഷ്ടമീരോഹിണിക്കു
പര്യായമായിത്തീർന്നു
പുഷ്ടസൌഭാഗ്യത്താലേ
ചിങ്ങത്തിൻ ചതയവും
ഓണത്തിൻ പുഷ്പാഞ്ജലി-
യോടുമേ ഹൃദയങ്ങ-
ളോരുമിസ്സുദിനത്തെ
ഭക്തിയാലർച്ചിച്ചീടും!

---

ജീവിതക്ലേശത്തിൻെറ
യച്ചളിപ്പാടത്താ
പാവനപ്രയത്നത്തി_
ലാനന്ദമാറാടുന്നു!

# നാളത്തെ പൌരൻ

(കാകളി)

'തമ്പ്രാട്ടി, യിത്തിരിക്കഞ്ഞിതന്നീടണ-
മെമ്പ്രാണനിപ്പോൾപ്പറന്നുപോയീടുമേ'
വൈലത്തു പാളയും വെച്ചതാ ദൂരത്തു
വേലിക്കൽ നില്പോരധഃകൃതബാലകൻ!
വേനലിൻ ചൂട്ടൊരാ വീപ്പോടു നിൽക്കുമ-
ദ്ദീനന്റെ പാഴ്ക്കമ്പിൾ കാനൽജലത്തിനോ?
'സ്വാത്ഥം' പണത്തിൻ കിലുക്കത്തെയല്ലാതെ
യാർത്തന്റെ നാദത്തെയോർത്തുനോക്കീടുമോ?
നീണ്ട പനനിന്നു വീശുന്നുവെങ്കിലു-
മുണ്ടായതില്ലവന്നാശ്വാസമല്പവും
അല്ലെങ്കിലക്കാറ്റു തൻജാഠരാഗ്നിയെ
നല്ലപോലാളിപ്പടർന്നു കത്തിക്കയാം
ചില്ലയാൽ മാടിവിളിച്ചു തൈമാവങ്ങു;
ചെല്ലുവാനസ്സാധുവിന്നെങ്ങു ധൈര്യമോ.
ഇല്ലിതൻനിസ്സാരവേലിയല്ലായതോ
വല്ലാത്തജാതി മുൾക്കമ്പിയാൽ തീർത്തതാം.

ഇക്കാഴ്ച കണ്ടുകൊണ്ടെത്തിയകത്തു നി-
ന്നുൾക്കാമ്പലിഞ്ഞൊരു കൊച്ചുകുമാരകൻ
'ചാത്തനെന്തിന്നാണ് വേലിക്കൽ നില്ക്കുന്ന-
'തൈത്തെ'ത്തിനെ തെല്ലു പേടിയില്ലിങ്ങെടോ'
ചെന്നു പിടിച്ചുവലിച്ചു കുമാരകൻ

വന്നമ്മറത്തേക്കു കേറിയിരിക്കുവാൻ!
സങ്കോചമോടവൻ സൌഹാർദ്ദമോടവൻ
തൻകരം മെല്ലെ വിടിവിക്കാൻ ശ്രമിക്കയായ്.
മറ്റനമേററററണ്ടൊരീ സോദരൻ
ഹാർദ്ദമിസ്സൽക്കാരമെന്നോപ്പുതെങ്ങിനെ!
അങ്ങപ്പടിഞ്ഞാററമൂലയിൽ വാഴുമ-
ത്തുംഗമാം ജാതിപ്പിശാചെത്ര ഘോരമാം.
കുട്ടനസ്നേഹിതൻ തൻ കൈപിടിപ്പതും
പെട്ടെന്നു കണ്ടുകൊണ്ടമ്മയെത്തീടിനാൾ.

'ചെക്കൻെറ ധിക്കാരമിത്രയ്ക്കു മൂത്തുവോ?
നോക്കെടാ, ജാതിയും തീണ്ടലും പോയിതോ?
കുട്ടിവന്നാലങ്ങു മാറിനിന്നൂടെടാ,
ചേട്ടെ, തരില്ല ഞാൻ കാടിയും കൂടിയും!
കുട്ടൻ കുളിയ്ക്കാതെ വീട്ടിൽ ചവുട്ടേണ്ട
കേട്ടോ! നടക്കു! കുളത്തിലേക്കായുടൻ.
'എൻെറ തരത്തിൽ പഠിക്കുന്ന ചാത്തനാ-
ണെന്തിനാണമ്മേ വഴക്കു കൂട്ടുന്നതും
ഞങ്ങളൊരേബെഞ്ചിലാണ,വൻ ഞങ്ങൾക്കു
മാങ്ങയന്നെത്രയാ തന്നിടാറുള്ളതും.'
വിദ്യാലയത്തിനു മീശനും നിങ്ങളിൽ
വ്യത്യാസമില്ലാതൊരേ തരത്തിങ്കലാം—
എങ്കിലും 'ജാതി'യും ക്രൌര്യവും നിങ്ങളിൽ
നിങ്ങളെ നൂറുനൂറായിപ്പിരിച്ചിടും.

'പാടം കിളക്കുവാൻ വിത്തിറക്കീടുവാൻ
പാടുപെട്ടക്കൃഷി രക്ഷിച്ചുപോരുവാൻ

'കണ്ണനും' 'ചാത്തനു'മുണ്ണുവാൻ നമ്മളു-
മന്യായമെന്തിതിൻമീതെ വേണ്ടുന്നതും?
നെട്ടെല്ലൊടിച്ചു പണിഞ്ഞീടുമേഴകൾ
പട്ടിണിപ്പാട്ടിൽ നരകം ഭുജിക്കയും
നമ്മൾക്കുവേണ്ടി പണിപ്പെടുന്നോരെ നാ-
മമ്മേ, ശിരസ്സേററി മാനിച്ചിടേണ്ടയോ!-
അല്ലാതെ ജാതിയും ഭള്ളും പറഞ്ഞഹോ
തല്ലുക തള്ളുക നല്ല പ്രതിഫലം!

തന്മകൻ ചെയ്തോരീനിർവ്യാജഭാഷണ-
മമ്മക്കൊരാവേശമുണ്ടാക്കി തൽക്ഷണം.
ചാത്തനെ മുററത്തിരുത്തിയായമ്മതാ-
നാത്തകൌതുഹലം ചോറു നല്കീടിനാൾ.
'നേരാണു കുട്ടൻ പറഞ്ഞോരീ വാസ്തവ-
മാരാണു ചിന്തിച്ചുനോക്കിടാറുള്ളതും?'
വേലിക്കൽ നിന്നിന്നു മുററത്തണഞ്ഞു നീ
നാളേക്കകത്തേക്കുമെത്തുകാദർശമേ!

---

സ്വാത്ഥത്തിലല്ല വിജയം പരിത്യാഗ-
പൂത്തിയാലെ നരൻ ദേവനാവൂ.

# ഭാരതം ചോദിക്കുന്നു:-

(കേക)

"പാരതന്ത്ര്യമാം പട-
ക്കുതിരപ്പുറത്തേറി
ദാരിദ്ര്യം ജൈത്രയാത്ര
ചെയ്തുകൊണ്ടിരിക്കുമ്പോൾ;
തൊഴിലാളിതൻ ചോര
നീരായി മാറീടുമ്പോൾ;
മുതലാളിതൻ ദയ
ദൂരയായ് മാറീടുമ്പോൾ;
ധർമ്മത്തിൻ വിശാലമാം
സാമ്രാജ്യം മതത്തിന്റെ
കന്മതിൽക്കെട്ടാൽത്തുണ്ടു
തുണ്ടായി മുറിയുമ്പോൾ
അസമത്വത്തിൽ പെട്ടു
വലഞ്ഞു ദേശീയത്വം
വിഷമിക്കുമ്പോൾ, കഷ്ടം!
ഞാൻ കണ്ടു സഹിക്കയോ!
മനുഷ്യൻ മനുഷ്യനാ-
യീടാതെ മരിക്കയോ,
കനത്ത മാമൂലിന്റെ
മർക്കടമുഷ്ടിക്കുള്ളിൽ?"

---

# ഗ്രാമീണസന്ധ്യ

(കാകളി)

ഓരോരു വൎണ്ണപ്പകിട്ടാൎന്ന സാരിയും
താരഹാരങ്ങളും ചന്ദ്രികാലേപവും
ആകാരമോടിക്കു ചേരുന്ന മട്ടില-
ങ്ങാകുന്നതെന്തുമണിഞ്ഞിടും വേശ്യപോൽ
ആകാശമാശാനുകൂല ഭൂഷാഗണ-
മാകെയണിഞ്ഞു ഞെളിഞ്ഞു നിന്നീടിലും
തൻെറയാമട്ടും പദവിയും തെററാതെ
തന്നെ നിന്നീടുമക്കുന്നിൻെറ താഴ്വയാൽ
കാമം ഫലിച്ചിടും നിത്യയത്നത്തിൻെറ
കോൾമയിർക്കൊണ്ടുള്ളൊരാനന്ദവീചിയിൽ
ഗ്രാമീണജീവിതം വിശ്രമിച്ചീടുമ-
ശ്യാമളശ്രീയാൎന്ന കേദാരസാനുവിൽ
പുൽമാടമൊന്നതാ! നിൽപ്പതുൾനാട്ടിൻെറ
നന്മതൻ നമ്രശിരസ്സുപോലാദരാൽ
അന്തിത്തിരിതൻ വെളിച്ചം ദരിദ്രൻെറ
മന്ദഹാസംപോൽ വിളങ്ങിടുന്നുണ്ടതിൽ
ദാരിദ്ര്യമാകാരകാന്തിമൂടീടിലും
വാരുററുപൊങ്ങുന്നൊരാത്മതേജസ്സുപോൽ
അല്ലടഞ്ഞീടുമക്കൊച്ചുമുററത്തെഴും
മുല്ലതൻതൂമണം മെല്ലെപ്പരക്കവേ
കാഞ്ചനവൎണ്ണമാം കായ്ക്കൊണ്ടു ലോകത്തെ
വഞ്ചിപ്പതിന്നായ്ത്തരംനോക്കിയങ്ങനെ

അത്തോപ്പിലത്യുച്ചഭാവത്തിൽ ദൃപ്തരു
വൊത്തുള്ള കാഞ്ഞിരം സ്തംഭിച്ചുനില്ക്കയാം
ഇന്നലെ പാശ്ചാത്യനാഗരകാന്തിയാൽ
തന്നെഭ്രമിച്ചങ്ങു ചെന്നൊരച്ചന്ദ്രനും
ഇന്നു നിരാശനായ് പൌരസ്ത്യനാടിതിൽ
ത്തന്നെ മടങ്ങിയതോത്തിഴും ലജ്ജയാൽ
നേരെ വെളിക്കുവരാതെയാമുക്കിലെ-
ക്കാറണിതോപ്പിൽനിന്നെത്തിനോക്കുന്നിതാ
അന്തിയായിട്ടുമേ പയ്യിനെക്കാണാതെ
പൊന്തയിലങ്ങിങ്ങു തേടിത്തളന്നോഴും
കാലിച്ചെറുക്കനോടൊപ്പം കിതപ്പൊടും
ബാലാനിലൻ ചരിച്ചീടുന്നിതിപ്പൊഴും
ചേണാന്നകുന്നിൻെറയാർദ്രമാം മാനസം.—
താണോരിലേക്കങ്ങൊഴുക്കും കൃപാരസം—
ശുഷ്കലോകത്തിന്നു ജീവദാനഗ്രഹ
നിഷ്കാമസേവനം ചെയ്യുന്ന നിർഝരം,
കാക്കശ്യമോലും കരിമ്പാറതന്നെയും
കെട്ടിപ്പുണഞ്ഞു ചിരിക്കുമക്കൌതുകം,
പൂവിൻെറ പൊൻകവിൾ ചുംബിച്ചുപോന്നിടും
പൂമ്പാററയങ്ങു കിനാക്കണ്ടിരിക്കുമോ?
ആഡംബരത്തിന്നഴക്കു കലക്കാത്തൊ-
രാകമ്രവാപിയും ശാന്തമാം തീരവും
ഗ്രാമീണബാലാജനത്തിൻെറ മാനസ
സാമ്യം കലന്നു തെളിഞ്ഞുനിന്നീടവേ
വാരാന്നു വാനിൻെറ സാന്ധ്യദീപങ്ങളെ—
ത്താരങ്ങളെ—ക്കൂപ്പിനിന്ന പത്മങ്ങളെ

ഭക്തിയിൽനിന്നു തിരിച്ചുനിർത്താൻ രാഗ
സക്തിയിൽപ്പാടുപെട്ടീടുന്നു ഷട്പദം.
"ജീവിതം കേവലമേതഴകിൻെറയോ
പൂവിതൾപോലെ കൊഴിഞ്ഞുകഴിയവേ
പ്രേമപ്രദീപ്തിയെക്കാണുവാനെങ്കിലു-
മോമനേ, താമരേ, കൺതുറന്നീടു നീ!
ആത്മാർപ്പണം ചെയ്യുമിപ്രേമദാസനെ
യല്പഹാസാലൊന്നനുഗ്രഹിക്കേണമേ!"
ഇപ്രേമയാചനകാലാനുവർത്തിയാ
മപ്രസൂനത്തിനു കാനനാക്രന്ദനം!
അന്തിതന്നാനന്ദരാഗം കൊഴിഞ്ഞുപോ
യല്പിൻ പുകയിൽകരിഞ്ഞ ചെന്താരുപോൽ!

---

ഹൃദയം ഹൃദയത്തെ
സ്പർശിച്ചു പാടീടുന്ന
പദമേ ലോകത്തിനു
നിത്യഗേയമായീടു.

# സന്ധ്യാസൌന്ദര്യം

(മണികാഞ്ചി)

നവവിവിധവിമലതര
ഭാവനാലോലമാം
കവിഹൃദയമതിനുടയ
സാവർണ്ണ്യമാർന്നിതാ
അഴകിനുടെയവികലത
യേന്തുന്ന ദർപ്പണം
മിഴികളുടെ മികവുടയൊ
രാനന്ദതർപ്പണം
വരകനകലിപികളൊടു
സാന്ധ്യഭ്രസന്തതി
വരുണദിശയൊരുകവിത
യാകുന്നു സമ്പ്രതി!
മമഹൃദയമധുരതര
സങ്കല്പരൂപയാം
പ്രണയവതി മൃദുലമതു
പാടുന്നമാതിരി
പറയുവതിനൊരു വിധവു-
മാകാത്ത നിർവൃതി
ചെറുപവനനരുളി;—യതൊ
രാനന്ദവിസ്മൃതി

മദിരയുടെ മദമഴകി
ലോകമാവേളതൻ
മടിയിലിവനതു പൊഴുതു
വീണുരുണ്ടീടവേ,
വിധുരതയൊടനിശമിഹ
ലോകം തിരഞ്ഞിടും
വിഭവശതമഖിലമൊരു
പുൽക്കൊടിപ്രായമായ്!

സങ്കൽപനിർവ്വാണമേഖലയിൽ
ചെങ്കോലുതന്നെ പുല്ലാങ്കുഴലും!

# ഹൃദയബാഷ്പം

(അന്നനട)

മഹിഷ്ഠമംഗള തിലകമായ്ജ്ജന-
മഹിതകേന്ദ്രമായ് ക്കലാനിലയമായ്
യശോനിധാനമായ് മഗധം മിന്നിയ,-
ന്നശോകമന്നവനതിന്നുഭൂഷയും.

ചരമസാനുവിൽ ച്ചരിഞ്ഞുനില്ക്കയായ്-
പ്പരിചിൽ വാസര മണിഞ്ഞപൊൻമുടി
അരമനയുടെ യുപവനത്തിലാ
നരവരോത്തമനുലാത്തിടുന്നതാ
അഴകിനാഴിയായൊരാമലർവനി-
യലഞ്ഞുസന്ധ്യതൻ കനകവീചിയിൽ
പതകഗീതിയാം മധുരധാരയിൽ
ഹൃദയമാകവേ യലിഞ്ഞൊഴുകയായ്.
തളർന്നചിന്തയിൽ നവനിനവുകൾ
പകന്നു ശീതള സുരഭിമാരുതൻ.

പ്രകൃതിതന്റെയീ യുദാരചര്യയാ
പ്രതാപശീലനൊട്ടറിവതില്ലയോ?
അതല്ലദുർഭര ഭരണരീതിയിൽ
ഹൃദയമങ്ങനെ ശിലയായ്ത്തീർന്നതോ?

വിചാര വീചികൾ-കളിച്ചിടുന്നതാ
വിയത്തനെറ്റിയിൽ ച്ചിലചുളിവുകൾ!

സമരകൌതുകാൽ കുലച്ചവില്ലുതാൻ
കമലക്കണ്ണിണയണിയും ചില്ലികാം.
വിരവിൽവെക്കുമപ്പദമോരോന്നിലും
ധരാഭരണത്തിൻ ഗരിമകണ്ടിടാം.
അതോ, വിരോധിതന്നഹംകൃതിഭരം
ചതപ്പതൻെറയച്ചവിട്ടെന്നാകുമോ?
തലപ്പാവിൻഞെറി യതിലും പൌരുഷം
തലോടിടും മീശത്തലപ്പതന്നിലും
വിലോലമാരുതൻ നടനമാടിടു-
ന്നലോകകൌതുക വിലാസമോടുമേ.
ഇടയ്ക്കിടയ്ക്കെന്തോ വികാരദീപ്തിയാ-
ലുടവാളിൻപിടിയ്ക്കുട്ടത്തിടുന്നുകൈ.
അരചനാശയ ഭരിതമാമൊരു
പരീക്ഷണഫലം പ്രതീക്ഷചെയ്കയാം.

വിലയിൽവത്സരതതിയെപ്പിന്നിടും
ചിലനിമേഷമുണ്ടനുസ്മരിക്കുവാൻ!
നരചരിതത്തിൻ ജ്ജയാജയങ്ങളെ-
ശ്ശരിക്കുവേർതിരിച്ചവകറിച്ചിടും.
തെരുന്നനെയൊരു ഭടനണഞ്ഞിത,
ത്തിരുമനസ്സിനെ ത്തൊഴുതുണത്തിനാൻ!
“ജയിയ്ക്കുതമ്പുരാൻ! കലിംഗമാകവേ
ജയിച്ചു-നാട്ടിനാം ജയപതാകയും”
ചിരിച്ചുഭൂപതിയുരച്ചു,“നിങ്ങളെ-
ക്കുറിച്ചഭിമാനപുളകം കൊാംവുനാം.

കലിംഗരൊക്കെയും മമപ്രജകളായ്-
ക്കഴിഞ്ഞുകൂട്ടവാനൊരുക്കമൊയിതോ?"
"ഒരാളുമില്ലിനി, കലിംഗരേവരും
മരിക്കുവോളവും പൊരുതിനാർവിഭോ!"
"പരമപാതക! മുരപ്പതെന്തുവാൻ?
മരുസ്ഥലത്തിനോ മഹേശനിന്നിവൻ?
സ്വാതന്ത്ര്യതയ്ക്കവർ പൊരുതി, ജീവിത-
സ്വാതന്ത്ര്യരായവർ മരിച്ചുജീവിപ്പൂ.
ഒരാളുടെജയ പതാകപാറുവാൻ
പരയുതപ്രാണസമീരൻവീശണം!
നിണംപുരണ്ടൊരു സുഖത്തിന്നായിനി
ക്കിനാവിലുമിവൻ നിനച്ചുപോയിടാ.
ഇനിയൊരിക്കലു മിവൻനിമിത്തമായ്
രണംവരില്ല-ഞാൻ പ്രതിജ്ഞചെയ്തിടാം"
കലുഷചിന്തയിലുദിച്ചു മൈത്രിതൻ
കനകരശ്മികളലകണത്തുവാൻ
ഇരുണ്ടവാരിദഹൃദയം തുകിട്ടം
വരണ്ടഭൂവിനായമൃത ധാരകാം!
പ്രബുദ്ധധാമ്മിക പ്രഭയിലമ്മഹാ-
പ്രഭുവിനുറാത്തമസ്സകന്നതൽക്ഷണം.
ഉയന്നചിന്തയിൽ വിടന്നകണ്ണിൽനി-
ന്നതിൻമൂന്നുനാലലിവിൻതുള്ളികാം.
അതിൻ പകപ്പുപോലസിത വാനിട-
ത്തുദിയ്ക്കയായ്ച്ചില ചെറിയതാരകാം.
മഹോദയമിതു നിനയ്ക്കവേ സവ്വം-
സഹയും പുല്ലണിപ്പുളകം പൂണ്ടുപോയ്.!

—•••—

# പുഷ്പാഞ്ജലി

(കേക)

വിലസും മനോധമ്മം
　　　　മേൽക്കുമേൽ കെട്ടിപ്പട്ടു-
ത്തുലകിൻ സംസ്കാരത്താൽ
　　　　ത്താഴികക്കുടംചാർത്തി
നലമോടാശാൻതീർത്ത
　　　　മഹിതോജ്ജ്വലംകാവ്യ-
കലതൻ പൊന്നമ്പലം
　　　　മിന്നുന്നൂനിരാകുലം.
സ്വാതന്ത്ര്യമണിനാദം
　　　　സ്നേഹപ്രസൂനാമോദം
മേദുരസദാചാര
　　　　വൈജയന്തികാവാതം
ആനന്ദപരിസരം!-
　　　　ആദശ്വിശുദ്ധരാ-
മാക്മമങ്ങതിൽച്ചെല്ലാം
　　　　ഹൃദയാച്ച്നംചെയ്യാം.
കൈരളീ കലാരാമം
　　　　തന്നിലച്ഛമൽക്കാര
കൈവല്യപ്രദംധമ്മ
　　　　സ്ഥാപനംജയിക്കുന്നു.
അമ്പേറവുവീണാക്രൌഞ്ച
　　　　പ്പക്ഷിയെ വാത്മീകിപോ-
ലമ്പെഴും'കുമാര'നാ
　　　　വീണപൂവിനെക്കണ്ടു

കനിവിൽ തേന്നൂറീടു
മുൾപ്പൂവിടർന്നുപേത്തും
കലിതാമോദം കാവ്യ
കലതൻ കടാക്ഷത്തിൽ
സ്നേഹഗാനത്തിൻചാരു
പല്ലവിയന്നേപാടി
സ്സേവനോത്സുകംതങ്ക
ത്തൂലികവിളയാടി.
ജീവിത വിമർശത്തിൻ
നൂതന പരിപാടി
ഭുവിതിൽപാടിപ്പോന്നി
തക്കലൊവാനംപാടി.
സമ്പൃത ചിന്താമേരു
സാനുവിലുദിച്ചോരു-
സംസാരഭാവാഭാവ
ചച്ചതന്നുരവായി.
ഗന്ധർവ്വകുമാരൻെറ
യാദിവ്യഗാനം മൈത്രീ
ബന്ധുരം നുകന്നമ്മ
കൈരളി
ഭോഗലാലസമായി
ക്കഴിയും ക
ഭാവിയെക്കണ്ടീടുവാൻ
ജാതകം തിരുത്തുവാൻ.
പേശലം മനോലോകം
ധമ്മനിമ്മലമാക്കു-

MUL
135968

മാശാൻെറ നാരായക്കൺ
കോണിനേ കഴിഞ്ഞുള്ളു.
നളിനീദിവാകര-
ന്മാരന്നു കൊളുത്തിയ
പുളകപ്രദം സ്നേഹ
ഭാസുരമണിദീപം.
സൽക്കാവ്യപ്രസ്ഥാനത്തി
ന്നഗ്നിസാക്ഷിയായിന്നും
നില്ക്കുന്നു കലാരമ്യ
കാഞ്ചനപ്രഭ വീശി.

(മാമ്പലി)

'ഗ്രാമവൃക്ഷ'ത്തിലെത്തേൻകുയിലിൻ
കോ൦മയിരേകമപ്പഞ്ചമത്തിൽ,
ഇനിനമുക്കൊന്നിതാ ചുററിനോക്കാം
ജനമനോഹാരിയാം 'പുഷ്പവാടി.'
കാവ്യകലതൻെറ മാററരക്കം
നവ്യനികഷ 'മിന്നാമിനുങ്ങും'
ദേവസങ്കൽപ 'പൂമ്പാററകളും'
കേവലാനന്ദത്തി'ന്നോമനയും'
'ശാന്തിമണിനൌക'നോക്കിനോക്കി
നീന്തിടുമദ്ധ്യാത്മചിന്തകളും
സത്യപ്രകാശാൽ തെളിഞ്ഞുമിന്നും
നിത്യചമൽക്കാരസുന്ദരങ്ങ൦
സാത്വികസ്നേഹത്തിൻ പൂനിലാവും
രാജസരാഗക്കൊടുവെയിലും
ജീവിതഗായകേ'ലീല'യിങ്കൽ
ദ്യോവിലും ഭുവിലുമൊന്നുപോലെ.

അച്ഛേദവാകതൻ ചോട്ടിലന്തി-
ക്കച്ചുചലച്ചിത്രമെന്നപോലെ
ഉത്തരരാമായണകഥയെ
യിത്തിരിനേരംകൊണ്ടാസ്വദിക്കാം

വിശ്വമഹാകവി ചിന്തകളും
വിശ്രമിക്കാമതിലേറെനേരം
അത്തമസാരംഗം 'സീത'യാലെ
യത്ഭുതകാവ്യനികുഞ്ജമായി.

പൊന്നശോകത്തിൻെറ പൂന്തണലും
പൊങ്ങും കരിമ്പനപ്പാഴ്നിഴലും
മത്ത്യവികാരവിചാരമെന്നും
നത്തനം ചെയ്യുന്ന രണ്ടു രംഗം

ആഡംബരസൌധം വിട്ടിറങ്ങി
യാദ്ധ്യശ്പുണ്യപുളിനമെത്തി
അശ്രുവിന്നാമലകീഫലത്തി-
ന്നന്ത്യമധുരിമയാസ്വദിച്ചേ

ആനന്ദനിവ്വാണമാളുവാനും
ആത്മതേജസ്സായുയരുവാനും
ധമ്മോപഗുപ്തപ്രബുദ്ധതയിൽ
ശമ്മസരണി നാം കാൺകയുള്ളൂ.

ഭോഗവും ത്യാഗവും ചേൎന്നിടുമാ-
യോഗത്തിലാക്കും 'കരുണ'തോന്നും
ആ 'മനശ്ശക്തി'തൻ 'രാജയോഗം'
ഭൂമിയിലാക്കും ചിറകുനൽകും.

നാമെത്തും ചിന്തതൻ വിണ്ടലത്തിൽ!
ശ്രീമെത്തുമാനന്ദമണ്ഡലത്തിൽ

മൃത്യുവിന്നാഴിയിൻനിന്നുയർത്തും
താത്ത്വികരത്നസമുച്ചയത്തെ
ഭാവനകൊണ്ടു പറന്നുകാണും
ജീവിതചക്രവാളാന്തരാളം
ശുദ്ധഹൃദയ'പ്രരോദന'ത്തി-
ലത്ഭുതമീമട്ടിലെത്ര കാണാം.

ലോകഹൃദയമുകുരമായി
ലോകം കവിതയെക്കണ്ടിടാഞ്ഞാൽ
മാനവസേവനലോലയാകു-
മാനന്ദരൂപിണിയെന്തുചെയ്യും
മെത്തുംപ്രഭുജന ജീവിതത്തി-
ന്നുത്തുംഗസൌധത്തിൽനിന്നിറങ്ങി.
നിത്യം പൊതുജനസ്സേർമ്മേററാൽ
മാത്രമേ സൽക്കലേ ധന്യയാവൂ.
അക്കലാസൃഷ്ടിയിലിപ്പൊരുളിൻ
തങ്കലിപികൾ തെളിഞ്ഞുകാണാം.
സാഹിതീഭിക്ഷുക്കൾക്കാന്തരമാം
ദാഹം കളയുമമൃതുതുകി
അന്തമററുള്ള സുകൃതഹാര
മാണ്ടൊരു 'ചണ്ഡാലഭിക്ഷുകി'യും
'ചാത്തനു' 'മന്തർജ്ജന'വുമൊപ്പം
നിത്യസമച്ചനം ചെയ്തുപോരും
പുല്ലിനും പൂവിനും തുല്യമായി
ചെല്ലുവാൻ പാട്ടുള്ള കോവിലിങ്കൽ

ഈഷ്യതൻധൂമം വമിച്ചിടാത്തോ-
രാഷ്സംസ്കാരപ്രഭക്കുമമ്പിൽ
അദ്ധ്യാത്മശംഖദ്ധ്വനിമുഴങ്ങു-
മാശാൻെറ കാവ്യശ്രീകോവിലിങ്കൽ
മോഹംകളഞ്ഞു ജനനികരം
സ്നേഹപുഷ്പാഞ്ജലി ചെയ്തുകൊള്ളും.

135968
032:1N067:11
H7

മനുഷ്യൻ മനുഷ്യൻെറ
യുള്ളറയുറന്നൊററ
നിമിഷം കണ്ടാൽപ്പിന്നെ
യുണ്ടാമോ കലാപങ്ങൾ?

MUL
135968
UNIVERSITY LIBRARY,
25 FEB 1948
MADRAS.

B-53

16 SEP 1948